©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ  പ്രിന്റിംഗ്  പ്രസ്സ്.

**പതിനഞ്ചാം  കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും  ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

## ഏഴാമത് റിപ്പോർട്ട്

**(2023 മാർച്ച് മാസം 20-ാം  തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള (സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

**സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)**

**ഏഴാമത് റിപ്പോർട്ട്**

**(2023 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള (സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

469/2023.

ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 66 |
| അനുബന്ധം II | .. | 67 |

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എൻ. ജയരാജ്

ഡോ. എം. കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

*ശ്രീമതി ഉമ തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി.

---

* അംഗമായിരുന്ന ശ്രീ. സജീവ് ജോസഫ് 12-7-2022-ന് രാജിവച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ

# ആമുഖം

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കടന്നാക്രമണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച ആവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സമിതി (2011-2014)-യുടെ അഞ്ചാമത് റിപ്പോർട്ട് 12-2-2013-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് 15-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,

*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്‌ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 20.

# റിപ്പോർട്ട്

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കടന്നാക്രമണങ്ങളുടെ ഭീകര കാഴ്ചകളാണ് ദിനംപ്രതി നാം കണ്ടുകൊണ്ടിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ സ്വന്തം വീടുകളിലും തൊഴിൽ മേഖലകളിലും, പൊതുസ്ഥലങ്ങളിലും യാത്രാവേളകളിലുമൊക്കെ പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നു. ഓടിക്കൊണ്ടിരിക്കുന്ന ബസിൽ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട് മരണമടഞ്ഞ 'ഡൽഹി പെൺകുട്ടിയുടെ' ദുരനുഭവം മനുഷ്യമനഃസാക്ഷിയെ പിടിച്ചുണർത്തിയ സാഹചര്യത്തിലാണ് കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് സമിതി (2011-2014)-യുടെ അഞ്ചാമത് റിപ്പോർട്ട് (സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച് തയ്യാറാക്കിയ സ്പെഷ്യൽ റിപ്പോർട്ട്) 2013 ഫെബ്രുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ 39 ഖണ്ഡികകളായി ആകെ 37 ശിപാർശകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 23-7-2013-ൽ വിവിധ വകുപ്പുകളിൽ അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2011-2014)-യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്ന് അന്തിമ മറുപടി ലഭ്യമാക്കാനുള്ള 5, 18, 19, 35 എന്നീ നമ്പർ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് നാളിതുവരെ ലഭ്യമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അടിയന്തരമായി അന്തിമ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഭാഗം 1

**ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ**

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | 2 | 3 |
| 1 | അകത്തളങ്ങളിലെ അശാന്തിയിൽ നിന്നും സ്ത്രീയെ രക്ഷിക്കാൻകൊണ്ടുവന്ന ഗാർഹിക പീഡന നിരോധന നിയമം നിലവിൽ വന്ന് ഏഴ് വർഷം പിന്നിട്ടെങ്കിലും ഗ്രാമീണരായ വീട്ടമ്മമാർക്ക് ടി നിയമം സംബന്ധിച്ച് വേണ്ടത്ര പരിജ്ഞാനമില്ലാത്ത അവസ്ഥ യാണ് നിലനില്ക്കുന്നത്. ആയതിനാൽ പ്രസ്തുത നിയമം സംബന്ധിച്ച് പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നീ പൊതുമാധ്യമങ്ങൾ മുഖേന കാലാകാലങ്ങളിൽ വ്യാപകമായി പരസ്യങ്ങൾ നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക - 3) | **ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**<br><br>(9-1-2014-ലെ 16909/ഡി1/2013/ഐ & പി.ആർ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>മേൽ ശിപാർശയിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം 4-5-2012-ന് കൂടുകയും യോഗത്തിൽ ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് പൊതുജന ങ്ങളിൽ പ്രത്യേകിച്ച് ഗ്രാമീണരായ വീട്ടമ്മമാർക്ക് പരിജ്ഞാനം നല്കുന്നതിന് പത്രദൃശ്യമാധ്യമങ്ങൾ വഴി പരസ്യങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തു.<br><br>ടെലിവിഷൻ റേഡിയോ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുന്നതിന് 20 സെക്കന്റ് ദൈർഘ്യമുള്ള രണ്ട് പരസ്യങ്ങൾ നിർമ്മിച്ച് റേഡിയോ, ടെലിവിഷൻ, സി.സി.ടി.വി, വെബ് പോർട്ടൽ എന്നിവ വഴി പ്രക്ഷേപണം ചെയ്യാവുന്നതാണെന്നും തീരുമാനമായി. പരസ്യ നിർമ്മാണത്തിന്റെ നടത്തിപ്പ് ചുമതല ഐ.ഒ. (മാർക്കറ്റിംഗ് & അഡ്വർടൈസിംഗ്) നിർവ്വഹിക്കുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച നടപടികൾ തുടർന്നുവരുന്നു.<br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| | | **സാമൂഹ്യനീതി വകുപ്പ്**<br>(3-5-2014-ലെ 5083/ബി2/2013/ സാനീവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കലുമായി ബന്ധപ്പെട്ടു നടത്തുന്ന സ്ഥിതിവിവര കണക്കെടുപ്പിലും, പ്രൊട്ടക്ഷൻ ഓഫീസർമാർ നല്കുന്ന റിപ്പോർട്ടുകളിലും ഗാർഹിക പീഡന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് കാണുന്നുണ്ട്. മുൻവർഷങ്ങളിൽ ഈ നിയമത്തിന്റെ പരിരക്ഷയെപ്പറ്റി ഗ്രാമപ്രദേശത്തുള്ള സാധാരണ ക്കാരായ സ്ത്രീകളിൽ അവബോധം കുറവായിരുന്നു. ഇക്കാരണം കൊണ്ടുതന്നെ ഗാർഹിക പീഡനക്കേസുകൾ നിയമ പരിരക്ഷയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെടുന്നതും കുറവായിരുന്നു. എന്നാൽ സാമൂഹ്യനീതി വകുപ്പും, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങ ളിൽ ഏർപ്പെട്ടിട്ടുള്ള സംഘടനകളും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ആയതിൻപ്രകാരം ആനുപാതികമായി റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് വരികയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി പത്രങ്ങൾ, വനിതാ മാസികകൾ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിൽക്കൂടിയും പ്രദർശന ബോർഡുകൾ സ്ഥാപിച്ചും പ്രസ്തുത നിയമം സംബന്ധിച്ച അവബോധം ജനങ്ങളിലേയ്ക്ക് എത്തിക്കാ നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഏജൻസിയായ സി-ഡിറ്റ് മുഖേന ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽക്കൂടി പ്രക്ഷേപണം ചെയ്യപ്പെടാനുള്ള വീഡിയോ, ഓഡിയോ സ്പോട്ടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.<br>13-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു. |

| 1 | 2 | 3 |
|---|---|---|
| 2 | സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലിംഗ് സെന്ററുകളെ സേവനദാനകേന്ദ്രങ്ങളാക്കിയും (സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ) അത്തരം സ്ഥാപനങ്ങളിൽ നിയമോപ ദേശകരെ നിയമിച്ചും ടി നിയമം നടപ്പാക്കേണ്ടതായിട്ടുണ്ട്. ഇത്തരം സെന്ററുകൾ നഗര കേന്ദ്രീകൃതമായതിനാൽ, ദുർബലരും, സഹായം ആവശ്യമുള്ളവരുമായ ഗ്രാമീണ വീട്ടമ്മമാർക്ക് ഇതിന്റെ സേവനം ലഭിക്കാത്ത അവസ്ഥയാണ് നിലനില്ക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബ്ലോക്ക് തലത്തിൽ പ്രയോജനം ലഭ്യമാകുന്നരീതിയിൽ ഇത്തരം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (4)</u> | **സാമൂഹ്യനീതി വകുപ്പ്**<br>(3-5-2014-ലെ 5083/ബി2/2013/ സാനീവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>ഗാർഹിക പീഡന നിരോധന നിയമത്തിന്റെ 10-ാം വകുപ്പ് പ്രകാരം യോഗ്യതാ മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹരായ എല്ലാ എൻ.ജി.ഒ.-മാരെയും സേവനദാതാവായി തെരഞ്ഞെടുക്കുന്നതിന് പരിഗണിക്കുന്നുണ്ട്. ചില മേഖലകളിൽ പ്രത്യേകിച്ച് മലയോര ജില്ലകളിൽ സേവനദാതാക്കളുടെ സേവനം പരിമിതമായി മാത്രമേ ലഭിക്കുന്നുള്ളു. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ സ്ത്രീകൾക്ക് അർഹിക്കുന്ന സേവനം എല്ലാ പ്രദേശത്തും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനും സേവനദാതാക്കളുടെ സേവന പ്രദേശം വേർതിരിച്ച് നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കാവശ്യമായ അസസ്സ്മെന്റ് സർവ്വെ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും വനിതാ സംരക്ഷണ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തല്പരരും അർഹരുമായ സന്നദ്ധസംഘടനകളെ കണ്ടെത്തി സേവനദാതാക്കളാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും വനിതാ സംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>(13-8-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 3 | സംസ്ഥാനത്തെ കുടുംബകോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ തീർപ്പാക്കാതെ അനന്തമായി നീണ്ടുപോകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും, കേസുകൾ സമയബന്ധിതമായി വിചാരണ നടത്തി തീർപ്പ് കല്പിക്കുന്നതിനുമായി നിലവിലുള്ള കോടതി | **ആഭ്യന്തര വകുപ്പ്**<br>(27-9-2019-ല 36455/സി5/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>സംസ്ഥാനത്തെ കുടുംബകോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ അനന്തമായി നീണ്ടുപോകുന്ന വിഷയം കണക്കിലെടുത്ത് ഇത്തരം |

| 1 | 2 | 3 |
|---|---|---|
| | സമുച്ചയങ്ങളോടനുബന്ധിച്ച് പ്രത്യേക കുടുംബ കോടതികൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക(6) | സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും കേസുകൾ സമയബന്ധിതമായി വിചാരണ നടത്തി തീർപ്പുകല്പിക്കുന്ന തിനുമായി നിലവിലുള്ള കോടതി സമുച്ചയങ്ങളോനടുബന്ധിച്ച് പ്രത്യേക കുടുംബകോടതി കെട്ടിടങ്ങൾ സ്ഥാപിക്കുന്ന തിനുള്ള ഒരു ഏകീകൃത പ്ലാൻ ഹൈക്കോടതി തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ സ്ഥലം ലഭ്യമല്ലാത്തയിട ങ്ങളിൽ മാത്രമാണ് കോടതി സമുച്ചയങ്ങളിൽ കുടുംബകോടതികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ 28 കുടുംബകോടതി കൾ നിലവിലുണ്ട്.<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം I)<br><br>(10-12-2019-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 4 | സാഹചര്യങ്ങൾ കൊണ്ട് പീഡനങ്ങൾ ക്കിരയാകുന്ന സ്ത്രീകളെയും, കുട്ടികളെയും കണ്ടെത്തി അവരെ രക്ഷിക്കുന്നതിനും, ആവശ്യമായ സംരക്ഷണം, പുനരധി വാസം എന്നിവ ഉറപ്പാക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ട ത്തിൽ സർക്കാർ - സർക്കാർ ഇതര സ്ഥാപനങ്ങളെ ചേർത്തിണക്കി ആവിഷ്കരിച്ച നിർഭയ പദ്ധതി ആപത് ഘട്ടങ്ങളിൽ സ്ത്രീകൾക്ക് വിശ്വസിച്ച് ആശ്രയിക്കാവുന്ന പദ്ധതിയായി ഉയർത്തണ മെന്നും, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ടി പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമ മായരീതിയിൽ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക | **സാമൂഹ്യനീതി വകുപ്പ്**<br><br>(24-9-2013-ലെ 3508/ബി3/2013/സാനീവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>ആപത്ഘട്ടങ്ങളിൽ സ്ത്രീകൾക്ക് ആശ്രയിക്കാ വുന്ന ഒരു പദ്ധതിയാണ് സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാ ക്കുന്ന നിർഭയ പദ്ധതി. 24 മണിക്കൂറും പ്രവർത്തിക്കുന്നതും ബന്ധപ്പെട്ടാൽ ഉടൻ തന്നെ സേവനം ലഭ്യമാക്കുന്നതുമായ ഒരു ടോൾ ഫ്രീ നമ്പർ നിർഭയയ്ക്കുണ്ട്. കൂടാതെ 19 One Stop Crisis cell ജില്ലാ താലൂക്ക് ആശുപത്രികളോട നുബന്ധിച്ചും ആരംഭിക്കുന്നുണ്ട്. അവിടെയും 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന താണ്. ജില്ലാ പഞ്ചായത്തുകളിൽ |

| 1 | 2 | 3 |
|---|---|---|
| | മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>ഖണ്ഡിക (7) | നിർഭയ ഡെസ്ക് ആരംഭിക്കുവാനും, അവയുടെ എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിന് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനുമുള്ള നിർദ്ദേശം സാമൂഹ്യനീതി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.<br>(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 5 | സ്ത്രീകളുടെ സ്വകാര്യതയെ മാന്യതയോടും, അന്തസ്സിനെ കരുതലോടും കാണേണ്ടത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു പരിഷ്കൃത സമൂഹത്തിന് അനിവാര്യമാണ്. മനുഷ്യ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്ന നൂതന സാങ്കേതിക വിദ്യകൾ സ്ത്രീകളെയും, കുട്ടികളെയും ചൂഷണം ചെയ്യുന്നതിനായി ദുരുപയോഗം ചെയ്യപ്പെടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിക്കുന്നവിധത്തിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്, അവരുടെ മാന്യതയ്ക്ക് കളങ്കം വരുത്തുകയും, സമൂഹത്തിലും പ്രത്യേകിച്ച് കുട്ടികളിൽ ദൂഷ്യസ്വഭാവങ്ങൾ വളരുന്നതിന് ഇടവരുത്തുകയും ചെയ്യുന്നു. ആയതിനാൽ ടെലിവിഷൻ, പത്രമാധ്യമങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലുള്ള ഇത്തരം പരസ്യപ്രദർശനത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി ഇവ പാലിക്കാത്തവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>ഖണ്ഡിക(8) | **ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്**<br>(9-1-2014-ലെ 16909/ഡി1/2013/ഐ & പി.ആർ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>Cable Television Network (Regulation) Act 1995-ലെ വ്യവസ്ഥകൾ പ്രകാരം 'Authorized Officer' ആയ ജില്ലാ മജിസ്ട്രേറ്റ്, സിറ്റി പോലീസ് കമ്മീഷണർ എന്നിവർക്ക് മാത്രമെ ഇക്കാര്യത്തിൽ നടപടി എടുക്കാൻ കഴിയൂ. Cable Television Network Rule 1994-ലെ റൂൾ 6, 7 എന്നിവയിൽ വിവരിക്കുന്ന Programme code, Advertisement code എന്നിവയ്ക്കു വിരുദ്ധമായി പ്രവർത്തിച്ചാൽ, ഉപകരണങ്ങൾ പിടിച്ചെടുക്കാൻ Authorized Officer ക്ക് അധികാര മുണ്ട്. ഇത്തരം പരാതികൾ പരിശോധിക്കുന്നതിന് ഒരു ജില്ലാതല സമിതിയെ നിയമിക്കണമെന്നും നിയമം നിഷ്കർഷിക്കുന്നുണ്ട്. സംസ്ഥാനത്ത് ജില്ലാതല സമിതിയെ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഉടൻ പുറപ്പെടുവിക്കുന്നതാണ്. സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ട്. ദേശീയ ചാനലുകളിലെ ഇത്തരം പരസ്യങ്ങൾക്കും |

| 1 | 2 | 3 |
|---|---|---|
| | | പരിപാടികൾക്കും എതിരെയുള്ള പരാതികൾ, സംസ്ഥാന സമിതി പരിശോധിച്ച് കേന്ദ്രസർക്കാരിന് കൈമാറുന്നതാണ്.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 6 | സമൂഹത്തെ തെറ്റായ നിലയിലേക്ക് നയിക്കുന്നതും, സ്ത്രീത്വത്തെ അപമാനിക്കുന്നതും സംസ്കാരത്തിന് നിരക്കാത്തതുമായ പരസ്യങ്ങളുടെ കടന്നുകയറ്റം കർശനമായി നിയന്ത്രിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സെൻസർ സംവിധാനം കൂടുതൽ കർശനമാക്കണമെന്നും, സഭ്യ മല്ലാത്ത പരസ്യങ്ങൾ പ്രദർശിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ അതിനെതിരെ നല്കപ്പെടുന്ന പരാതികൾ ഗൗരവമായി പരിശോധിച്ച് കർശന ശിക്ഷാനടപടി സ്വീകരിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (9) | **ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്**<br><br>(9-1-2014-ലെ 16909/ഡി1/2013/ഐ & പി. ആർ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>Cable Television Network (Regulation) Act, 1995-ലെ വ്യവസ്ഥകൾ പ്രകാരം 'Authorized Officer' ആയ ജില്ലാ മജിസ്ട്രേറ്റ്, സിറ്റി പോലീസ് കമ്മീഷണർ എന്നിവർക്ക് മാത്രമെ ഇക്കാര്യത്തിൽ നടപടി എടുക്കാൻ കഴിയൂ. Cable Television Network Rule 1994-ലെ റൂൾ 6, 7 എന്നിവയിൽ വിവരിക്കുന്ന Programme code, Advertisement code എന്നിവയ്ക്കു വിരുദ്ധമായി പ്രവർത്തിച്ചാൽ, ഉപകര ണങ്ങൾ പിടിച്ചെടുക്കാൻ Authorized Officer-ക്ക് അധികാരമുണ്ട്. ഇത്തരം പരാതികൾ പരിശോധിക്കുന്നതിന് ഒരു ജില്ലാതല സമിതിയെ നിയമിക്കണ മെന്നും നിയമം നിഷ്കർഷിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് ജില്ലാതല സമിതിയെ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഉടൻ പുറപ്പെടുവിക്കുന്നതാണ്. സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ട്. ദേശീയ ചാനലുകളിലെ ഇത്തരം പരസ്യങ്ങൾക്കും പരിപാടികൾക്കും എതിരെയുള്ള പരാതികൾ, |

| 1 | 2 | 3 |
|---|---|---|
| | | സംസ്ഥാന സമിതി പരിശോധിച്ച് കേന്ദ്രസർക്കാരിന് കൈമാറുന്നതാണ്.<br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 7 | പരസ്യമേഖല തന്നിഷ്ടപ്രകാരം വിഹരിക്കുന്ന ഇന്നത്തെ ദുരവസ്ഥ കർശനമായി നിയന്ത്രിക്കപ്പെടണം. ഇതിനായി, സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന സഭ്യമല്ലാത്ത പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ട കർശന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും, കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന ടി പരസ്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി അവയ്ക്കക്ക് ആവശ്യമായ കർശന നിയന്ത്രണങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>ഖണ്ഡിക(10) | **ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്**<br>(9-1-2014-ലെ 16909/ഡി1/2013/ഐ. & പിആർ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>Cable Television Network (Regulation) Act, 1995-ലെ വ്യവസ്ഥകൾ പ്രകാരം 'Authorized Officer' ആയ ജില്ലാ മജിസ്ട്രേറ്റ്, സിറ്റി പോലീസ് കമ്മീഷണർ എന്നിവർക്ക് മാത്രമെ ഇക്കാര്യത്തിൽ നടപടി എടുക്കാൻ കഴിയൂ. Cable Television Network Rule 1994-ലെ റൂൾ 6, 7 എന്നിവയിൽ വിവരിക്കുന്ന Programme code, Advertisement code എന്നിവയ്ക്കു വിരുദ്ധമായി പ്രവർത്തിച്ചാൽ, ഉപകരണങ്ങൾ പിടിച്ചെടുക്കാൻ Authorized Officer-ക്ക് അധികാരമുണ്ട്. ഇത്തരം പരാതികൾ പരിശോധിക്കുന്നതിന് ഒരു ജില്ലാതല സമിതിയെ നിയമിക്കണമെന്നും നിയമം നിഷ്കർഷിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് ജില്ലാതല സമിതിയെ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഉടൻ പുറപ്പെടുവിക്കുന്നതാണ്. സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ട്. ദേശീയ ചാനലുകളിലെ ഇത്തരം പരസ്യങ്ങൾക്കും പരിപാടികൾക്കും എതിരെയുള്ള പരാതികൾ, സംസ്ഥാന സമിതി പരിശോധിച്ച് കേന്ദ്രസർക്കാരിന് കൈമാറുന്നതാണ്.<br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| 8 | സ്ത്രീകളുടെ മാന്യതയ്ക്ക് നിരക്കാത്ത വിധത്തിലുള്ള ഫോട്ടോകൾ, വീഡിയോ ക്ലിപ്പിങ്ങുകൾ മുതലായവ കൈവശം സൂക്ഷിക്കുന്നത് കുറ്റകൃത്യമായി കണക്കാക്കപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, തൊഴിൽ സ്ഥലങ്ങളിലും വച്ചുണ്ടാകുന്ന മൊബൈൽ ഫോൺ-ഇന്റർനെറ്റ് ചൂഷണങ്ങൾ അവസാനിപ്പിക്കണമെന്ന ഉദ്ദേശത്തോടെ ജില്ലാ സൈബർ സെല്ലുകളിലും, സംസ്ഥാന സൈബർ സെല്ലുകളിലും സ്ത്രീകൾ പരാതികൾ നല്കുന്നുണ്ടെങ്കിലും പരാതികൾ ഒന്നും തന്നെ കുറ്റവിചാരണയിലേക്ക് നീങ്ങുന്നതായി കാണുന്നില്ല. ആയതിനാൽ സ്ത്രീകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കുന്നതിനുതകുന്ന നിയമം നടപ്പിലാക്കി ഇത്തരം കേസുകൾ തീർപ്പാക്കാൻ ഉണ്ടായേക്കാവുന്ന കാലതാമസം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (11) | **ആഭ്യന്തര വകുപ്പ്**<br>(19-10-2015-ലെ 58690/ജി3/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ ബിൽ നം.183 ആയി 14-2-2013 തീയതി നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബിൽ ഇപ്പോൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണ്.<br>(6-1-2016-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 9 | സൈബർ സെല്ലിന്റെ ഓഫീസുകളിൽ പലതും രാത്രികാലങ്ങളിൽ തുറന്നു പ്രവർത്തിക്കാത്തതിനാൽ അവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് ഇതിന്റെ സേവനം ലഭ്യമാകുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സൈബർസെല്ലിന്റെ പ്രയോജനം ഏതു സമയത്തും പരാതിക്കാർക്ക് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നുള്ള പ്രധാന ലക്ഷ്യമാണ് സമിതിക്കുള്ളത്. ആയതിനാൽ സൈബർ സെല്ലിന്റെ സേവനം 24 മണിക്കൂറും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പരിചയസമ്പന്നരായ | **ആഭ്യന്തര വകുപ്പ്**<br>(22-3-2014-ലെ 36252/ഇ 1/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>സൈബർ സെല്ലിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാനും പരിചയ സമ്പന്നരായ സാങ്കേതിക വിദഗ്ധരുടെയും പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരുടെയും സേവനം ഉറപ്പാക്കുവാനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കിയിട്ടുണ്ട്. പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന |

| 1 | 2 | 3 |
|---|---|---|
| | സാങ്കേതിക വിദഗ്ദ്ധരുടേയും പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടേയും സേവനം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (12)</u> | ഹൈടെക് സെൽ അവധി ദിവസങ്ങൾ ഉൾപ്പടെ 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 10 | ഇലക്ട്രോണിക്സ് - കമ്പ്യൂട്ടർ - മൊബൈൽ വിവര വിനിമയ രംഗങ്ങളിലെ പുത്തൻ അറിവുകൾ സ്ത്രീകൾക്ക് അവരുടെ അവകാശങ്ങളെപ്പറ്റിയും, അർഹമായ ആനുകൂല്യങ്ങളെപ്പറ്റിയും സ്ത്രീസംരക്ഷണത്തിനുള്ള വിവധ നിയമങ്ങളെപ്പറ്റിയും കൂടുതലായറിയാൻ സഹായിക്കുന്നു. ആയതിനാൽ ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് കമ്പ്യൂട്ടർ സാക്ഷരത നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (13)</u> | **തദ്ദേശസ്വയംഭരണ വകുപ്പ്**<br><br>(30-8-2022-ലെ 250/ഇപിഎ 4/2021/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>പുതുതായി തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ സിഡിഎസ് ഭാരവാഹികൾക്കും കുടുംബശ്രീയുടെ നേതൃത്വത്തിൽ ഡിജിറ്റൽ ലിറ്ററസിയുടെ പ്രാഥമിക പരിശീലനം നല്കിയിട്ടുണ്ട്. കൂടാതെ കോവിഡ് കാലത്ത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തി മുഴുവൻ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാന ഭാരവാഹികൾക്കും ഓൺലൈൻ യോഗങ്ങളും പരിശീലന ങ്ങളും സംഘടിപ്പിച്ചിരുന്നു. ഇതുവഴി ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിക്കു ന്നത് സംബന്ധിച്ച് അവബോധം കുടുംബശ്രീ അംഗങ്ങളിൽ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷി ക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ സ.ഉ.(കൈ.) നം.22/2018/ തസ്വഭവ തീയതി 14-2-2018. (അനുബന്ധം II)<br><br>സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭി ക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് |

| 1 | 2 | 3 |
|---|---|---|
| | | ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും പരിശീലന പരിപാടികൾ ഏറ്റെടുക്കാമെന്നും എന്നാൽ കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് കമ്പ്യൂട്ടർ സാക്ഷരത നല്കുന്നതിന് ആവശ്യമായ നടപടികൾ കേരള സർക്കാരിന്റെ ഐ.റ്റി. വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു വകുപ്പുകളുടെ സഹായ സഹകരണത്തോടെ നടപ്പിലാക്കാൻ കഴിയുന്നതാണ്.<br>(4-11-2022-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>**തദ്ദേശസ്വയംഭരണ വകുപ്പ്**<br>(23-9-2022-ലെ LSGD-IB1/283/2016-LSGD നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ വ്യാപനത്തിനായി ശ്രീശക്തി വെബ് പോർട്ടൽ 2010-ൽ രൂപീകരിച്ചു. സാങ്കേതിക തലത്തിലുള്ള ഒരു പഠന പ്രക്രിയയ്ക്ക് സ്ത്രീകളെ പ്രാപ്തരാക്കി ഇതിലേക്ക് മാത്രമായി ഒരു വെബ് പോർട്ടൽ സംസ്ഥാനതലത്തിൽ സ്ഥാപിച്ച് മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം നല്കുകയും കുടുംബശ്രീ സി.ഡി.എസ്. പ്രതിനിധികൾക്ക് പ്രാദേശികമായി തെരഞ്ഞെടുക്കപ്പെട്ട അക്ഷയ സെന്ററുകൾ മുഖേന പരിശീലനം നല്കുകയും ചെയ്തു. 'ശ്രീശക്തി' പോർട്ടലിലെ വിവിധ ടാബുകളിലൊന്നായ സംവാദവേദിയിൽ വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകളും ആശയ രൂപീകരണവും നടന്നിട്ടുണ്ട്. സ്ത്രീപദവി സ്വയം പഠന പ്രക്രിയയുടെ റിസോഴ്സ് പേഴ്സൺമാരോടൊപ്പം കുടുംബശ്രീ അംഗങ്ങളെയും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ ഉപയോക്താക്കളാക്കി |

| 1 | 2 | 3 |
|---|---|---|
| | | മാറ്റുന്നതിനുള്ള പരിശീലനങ്ങൾ പോർട്ടൽ പരിശീലനത്തോടൊപ്പം നല്കിയിട്ടുണ്ട്. ശ്രീശക്തി പോർട്ടൽ വ്യാപന പ്രവർത്തനങ്ങൾക്ക്, സംസ്ഥാനമിഷൻ നേരിട്ട് നടത്തുന്ന പരിശീലനം ലഭിച്ച കമ്പ്യൂട്ടർ പരിജ്ഞാനമുള്ള കുടുംബശ്രീ അംഗങ്ങളാണ് മാസ്റ്റർ ട്രെയിനർമാരായി സി.ഡി.എസ്., എ.ഡി.എസ്. തലങ്ങളിൽ സംഘടിപ്പിക്കുന്ന പോർട്ടൽ പരിശീലന ങ്ങൾക്ക് നേതൃത്വം വഹിച്ചിട്ടുള്ളത്.<br><br>കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ അയൽക്കൂട്ടതലംവരെ എത്തിക്കുന്നതിനായി സാങ്കേതികവിദ്യ സംബന്ധിച്ച പരിശീലനം അത്യാവശ്യ മായിരുന്നു. ഇതിനായി സംസ്ഥാന തലത്തിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി യിരുന്നു. ഇന്റർനെറ്റിനെ സംബന്ധിച്ച് പ്രാഥമിക വിവരങ്ങൾ, ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിക്കുന്ന വിധം, ഡോക്യുമെന്റുകൾ കൈമാറുന്ന രീതി തുടങ്ങിയവയാണ് മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നത്. ഒരു സി.ഡി. എസ്.-ൽ നിന്നും ഒരാളെയും, ഒരോ വാർഡിൽ നിന്നും 2 പേരെയും വീതം തെരഞ്ഞടുത്ത് പരിശീലനം നല്കി ഇവരെ ഉപയോഗിച്ച് സി.ഡി.എസ്./ എ.ഡി.എസ്. അംഗങ്ങൾ, വിജിലന്റ് ഗ്രൂപ്പ് കൺവീനർ ഓരോ അയൽക്കൂട്ടത്തിൽ നിന്നും ഒരാൾ എന്നിങ്ങനെ അംഗങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നല്കിയിട്ടുണ്ട്.<br><br>(4-11-2022-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| 11 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്ന സ്ത്രീകളിൽ പലരും തീർത്തും അപകടകരവും, വൃത്തിഹീനവുമായ ചുറ്റുപാടുകളിൽ ജോലി ചെയ്യേണ്ട അവസ്ഥയിലാണ്. ഇത്തരം ജോലികളിൽ ഏർപ്പെടേണ്ടി വരുന്ന സ്ത്രീകൾക്ക്, തൊഴിൽജന്യരോഗങ്ങൾ ഉണ്ടാകുന്നതിനുള്ള സാധ്യത വർദ്ധിക്കുന്നതിനാൽ കൃത്യമായ പരിശോധനകൾക്ക് വിധേയരാകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ബോധവല്ക്കരണ ക്ലാസുകൾ, ആരോഗ്യ സംരക്ഷണ സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കേന്ദ്രീകരിച്ച് സ്ത്രീകൾക്കുള്ള ആരോഗ്യ-സുരക്ഷാ പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (14)</u> | **തദ്ദേശസ്വയംഭരണ വകുപ്പ്**<br>(28-9-2013-ലെ 22626/ഡിഡി2/13 തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>തൊഴിലുറപ്പ് നിയമത്തിന്റെ അനുഛേദം 5.2 പ്രകാരം ഈ പദ്ധതിയിൽ തൊഴിൽ ലഭ്യമാകുന്ന ഏതൊരാൾക്കും തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന മിനിമം പൊതു സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണെന്ന്, 2-3-2009-ലെ 14830/ഡിഡി-2/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം, സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്കായി തൊഴിലാളി കൾക്കും കുട്ടികൾക്കും വിശ്രമിക്കാൻ ടാർപോളിൻ, ശുദ്ധമായ കുടിവെള്ളം, പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം, പ്രഥമ ശുശ്രൂഷ നല്കാനുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ പണിസ്ഥലത്ത് ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് പണിസ്ഥലത്ത് വച്ച് പരിക്കേൽക്കുകയോ അസുഖ ബാധിതരാകുകയോ ചെയ്താൽ സൗജന്യ ആശുപത്രി ചികിത്സാ സഹായത്തിന് അർഹതയുണ്ട്. തൊഴിലാളികൾക്ക് ആശുപത്രിയിൽ കിടക്കുന്ന ദിവസങ്ങളിൽ കൂലിയുടെ 50% ദിനബത്തയ്ക്കും അർഹതയുണ്ട്.<br><br>തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ക്രമീകരണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.<br><br>1. പണിസ്ഥലത്ത് സംഭവിക്കുന്ന മുറിവുകൾ ചെറു അണുബാധ മുതൽ ടെറ്റനസ് വരെയുള്ള രോഗങ്ങൾക്ക് കാരണമാകാം. |

| 1 | 2 | 3 |
|---|---|---|
| | | ഇത്തരം സന്ദർഭങ്ങളിൽ പ്രഥമ ശുശ്രൂഷയ്ക്ക് ശേഷം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കാണിക്കേണ്ടതാണ്.<br><br>2. കെട്ടിക്കിടക്കുന്ന ജലാശയങ്ങളിൽ പണിയെടുക്കുമ്പോൾ എലിപ്പനി, ഹെപ്പറ്റൈറ്റിസ്-ബി, മുതലായ രോഗങ്ങൾ പിടിപെടാവുന്നതാണ്. ആയതിനാൽ കാൽമുട്ട് വരെയെത്തുന്ന ബൂട്ട്, കൈമുട്ടുവരെയെത്തുന്ന റബർ കൈയ്യുറ, വെള്ളം കടക്കാത്ത ഗോഗിൾസ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ തൊഴിലാളികൾക്ക് നല്കേണ്ടതാണ്.<br><br>3. വെയിലിൽ പണിയെടുക്കുന്നവർക്ക് സൂര്യാതാപം, നിർജ്ജലീകരണം എന്നിവ സംഭവിച്ചേക്കാം. ആയതിനാൽ പണി സ്ഥലത്ത് കുടിവെള്ളം, ഷെയ്ഡ് മുതലായ സംവിധാനങ്ങൾ കരുതേണ്ടതാണ്.<br><br>4. ശരീരത്തിൽ മുറിവുകളുള്ള തൊഴിലാളി കളെ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ പണിയെടുക്കാൻ അനുവദിക്കരുത്.<br><br>5. ജലാശയങ്ങളിലെ പണികൾ നടത്തുന്നതിന് ഏതാനും മണിക്കൂറു കൾക്ക് മുമ്പ് ബ്ലീച്ചിംഗ് പൗഡറുകളോ മറ്റു രാസപദാർത്ഥങ്ങളോ ഉപയോഗിച്ച് അണുനശീകരണം നടത്തേണ്ടതാണ്.<br><br>6. തൊഴിലാളികൾക്ക് വെള്ളത്തിൽ നിന്നും പകരുന്ന രോഗങ്ങളെക്കുറിച്ചും അവ പിടിപെടാതിരിക്കുവാൻ സ്വീകരി ക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ആരോഗ്യബോധന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.<br><br>7. പെട്ടെന്നുള്ള മുറിവുകൾ, അപകടങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും, പ്രാഥമിക ശുശ്രൂഷയ്ക്കുള്ള പരിശീലനം |

| 1 | 2 | 3 |
|---|---|---|
| | | കുടുംബശ്രീ മേറ്റുകൾക്ക് നല്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ ആരോഗ്യസുരക്ഷക്കും ബോധവത്കരണത്തിനും അതോടൊപ്പം വൃത്തിഹീനമായ ചുറ്റുപാടുകളിൽ പ്രവൃത്തിയെടുക്കേണ്ട സാഹചര്യമുണ്ടെങ്കിൽ അക്കാര്യം വിലയിരുത്തുന്നതിനും സ്ത്രീ തൊഴിലാളികളെ കൃത്യമായ ആരോഗ്യ പരിശോധനയ്ക്ക് വിധേയമാകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ പ്രാഥമിക/കമ്മ്യൂണിറ്റി ആരോഗ്യകേന്ദ്രങ്ങളുമായി ചേർന്ന് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കുന്നതാണ്.<br>(18-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 12 | ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി, നിലവിലുള്ള ഡേകെയർ സംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക/തോട്ടം മേഖലകളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി തദ്ദേശസ്വയംഭണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഡേകെയർ സെന്ററുകൾ ആരംഭിച്ച്, കുട്ടികളുടെ പരിചരണത്തിനായി മതിയായ ജീവനക്കാരുടെ | **തദ്ദേശസ്വയംഭരണ വകുപ്പ്**<br>(28-9-2013-ലെ 22626/ഡിഡി2/13 തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>19-10-2006-ലെ സ.ഉ.(എംഎസ്.) നം.241/06/തസ്വഭവ പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ 6 വയസ്സിൽ താഴെയുള്ള അഞ്ചോ അതിലധികമോ കുട്ടികൾ ഉണ്ടെങ്കിൽ അവരെ പരിചരിക്കുന്നതിന് പണിസ്ഥലത്തു പ്രത്യേകമായി ആയയുടെ ചുമതലയിൽ ക്രെഷ് ഏർപ്പെടുത്തേണ്ടതാണെന്നും കുട്ടികളുടെ എണ്ണം |

| 1 | 2 | 3 |
|---|---|---|
| | സേവനം ഉറപ്പുവരുത്തി അമ്മമാർക്ക് സഹായകരമായ സാഹചര്യം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക (15) | 5-ന് താഴെയാണെങ്കിൽ മേറ്റിന്റെ ചുമതലയുള്ള സ്ത്രീതൊഴിലാളി ആയയുടെ ചുമതല ഏറ്റെടുക്കുന്നതാണെന്നും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>(18-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 13 | സംസ്ഥാനത്തെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ഭൂരിഭാഗം സ്ത്രീകളുടെയും അവസ്ഥ വളരെ ദയനീയമാണെന്ന് സമിതി മനസ്സിലാക്കുന്നു. "ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്" ആക്ടിൽ വ്യവസ്ഥ യുണ്ടെങ്കിലും, രാവിലെ മുതൽ രാത്രി വരെ ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്ക് ഇരിക്കുന്നതിനും, ടോയ്ലറ്റിൽ പോകുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും മിക്ക സ്ഥാപനങ്ങളിലും ഇല്ലാത്ത അവസ്ഥയാണിന്നുള്ളത്. ആയതിനാൽ ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വിശ്രമമുറി, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണമെന്നും, ഇത് പാലിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (16) | **തൊഴിലും നൈപുണ്യവും വകുപ്പ്**<br><br>(21-11-2015-ലെ 5053/ഇ 3/2013/ തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>സംസ്ഥാനത്തെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് സാനിട്ടേഷൻ സൗകര്യവും വിശ്രമ സൗകര്യവും ഏർപ്പെടുത്തുന്നതിനു 16-9-2015-ലെ സ.ഉ.(പി.) നമ്പർ 134/2015/തൊഴിൽ നമ്പർ വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 610/2015) പ്രകാരം പുറപ്പെടുവിച്ച കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ചട്ടങ്ങൾ 2015-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഭേദഗതി ചട്ടങ്ങളിൽ ചെറുകിട, ഇടത്തര വ്യാപാര സ്ഥാപന ങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ടോയ്ലറ്റുകൾ ഏർപ്പെടുത്തണമെന്നും വൻകിട വ്യാപാര സ്ഥാപനങ്ങളിൽ വിശ്രമമുറിയും അതിനോടനുബന്ധിച്ച് 20 സ്ത്രീ തൊഴിലാളികൾക്ക്/20 പുരുഷ തൊഴിലാളികൾക്ക് ഒരു ടോയ്ലറ്റ് എന്ന അനുപാതത്തിൽ ടോയ്ലറ്റുകൾ ഏർപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| 1 | 2 | 3 |
|---|---|---|
| | | നിയമങ്ങൾ പാലിക്കാത്ത സ്ഥാപന ഉടമകൾക്കുള്ള പിഴ 50 രൂപയിൽ നിന്ന് 2,500 രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. (6-1-2016-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 14 | സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും അവരുടെ സുരക്ഷയ്ക്കായി സർക്കാർ കാലാകാലങ്ങളിൽ നടപ്പാക്കുന്ന പദ്ധതി കളെക്കുറിച്ചും സ്ത്രീകളെ ബോധവല്ക്കരി ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗ്രാമ സഭകൾതോറും സെമിനാർ/ബോധ വല്ക്കരണ ക്ലാസുകൾ/ചർച്ചകൾ എന്നിവ സംഘടി പ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. <br><br> <u>ഖണ്ഡിക (17)</u> | **തദ്ദേശസ്വയംഭരണ വകുപ്പ്** <br> (2-2-2019-ലെ 23204/ഡിഎ 3/2013/ തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.) <br><br> എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അതാത് വർഷങ്ങളിലെ വനിതാഘടക പദ്ധതികൾ യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുന്നതിനും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനുമായി ജൻഡർ റിസോഴ്സ് സെന്ററിന് രൂപം നല്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ എല്ലാ ഘടക സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാക്കുന്നതിനും പൊതു ഇടങ്ങളിലെ സ്ത്രീസുരക്ഷയും സൗകര്യ ങ്ങളും ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താ വുന്നതാണെന്ന് സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ഈ സമിതിയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജാഗ്രതാസമിതി പ്രവർത്തനത്തിനും |

| 1 | 2 | 3 |
|---|---|---|
| | | ജൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനും കൂടി കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിക്കുന്നതിനും ആയതിന്റെ ചെലവ് പ്രോജക്ടിലൂടെ നടത്താവുന്നതാണെന്നും നിലവിലെ സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ സുരക്ഷയ്ക്കായി സർക്കാർ കാലാകാലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളെ ബോധവത്കരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സെമിനാറുകളും ബോധവത്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്.<br><br>(19-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.)<br><br>(28-6-2019-ലെ ഐഎ 1/14/2019/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും അയൽക്കൂട്ടങ്ങൾ വഴിയും കുടുംബശ്രീ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും അവരുടെ സുരക്ഷയ്ക്കായി നടത്തുന്ന പദ്ധതികളെക്കുറിച്ചും സ്ത്രീകളെ ബോധവത്കരിക്കുന്നതിനായി കുടുംബശ്രീ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>1. **സ്ത്രീ പദവി സ്വയം പഠന പ്രക്രിയ**<br><br>നിലനില്ക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം. |

| 1 | 2 | 3 |
|---|---|---|
| | | സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ നാലാം മൊഡ്യൂൾ ആയ ലിംഗ പദവി സമത്വവും നീതിയും എന്ന 28 പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയ പഠന സഹായി തയ്യാറാക്കുകയും 300 ജില്ലാതല ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നല്കുകയും, കേരളത്തിലെ 43 ലക്ഷം അയൽക്കൂട്ടങ്ങളിലും ഈ പഠന സഹായിയെ അടിസ്ഥാനമാക്കി ചർച്ചകളും നടന്നുവരുന്നു.<br><br>**2. സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്**<br><br>സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും പ്രവർത്തനം ആരംഭിച്ചു. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസസൗകര്യവും കൗൺസിലിംഗിനും പുനരധിവാസ സഹായങ്ങളും മറ്റ് വകുപ്പുകളുമായി ചേർന്ന് നിയമ-ആരോഗ്യ പരിരക്ഷയും നല്കുന്നു. സെന്ററുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലികൗൺസിലിംഗ് സേവനവും ലഭ്യമാക്കുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ആവശ്യമായ കൗൺസിലിംഗ് പിന്തുണയും വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.<br><br>**3. ജെന്റർ റിസോഴ്സ് സെന്ററുകൾ**<br><br>14 ജില്ലകളിലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 357 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ പ്രദേശത്തെ വിവിധ സ്ത്രീശാക്തീകരണ-ലിംഗ നീതി ഉറപ്പാക്കൽ പ്രവർത്തന പരിപാടികൾക്ക് പിന്തുണ നല്കുന്ന ഒരു കേന്ദ്രമായി പ്രവർത്തിക്കുക, ഭരണ |

| 1 | 2 | 3 |
|---|---|---|
| | | ക്രമത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പരിപോഷിപ്പിക്കുകയും പ്രാപ്തിവർദ്ധിപ്പിക്കുകയും ചെയ്യുക. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനും വിധേയരാക്കപ്പെട്ടവർക്ക് എല്ലാ പിന്തുണയും നല്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ആവശ്യമായ സാഹചര്യത്തിൽ വനിതാഘടക പദ്ധതികളുടെ രൂപീകരണത്തിനും നടപ്പാക്കലിനും നേതൃത്വവും നല്കുക എന്നിവയാണ് ജെന്റർ റിസോഴ്സ് സെന്റർ വഴി നടപ്പിലാക്കി വരുന്നത്.<br>**4. ബ്ലോക്ക് തല കൗൺസിലിഗ് സെന്റർ**<br>സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ് തുടർ സേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന സഹായ കേന്ദ്രമാണ് ബ്ലോക്ക് തല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്റർ പ്രാദേശിക തലത്തിൽ വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും ആവശ്യമായ പിന്തുണയും തുടർ സഹായവും ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നു.<br>**5. കമ്മ്യൂണിറ്റി കൗൺസിലിംഗ്**<br>നിലവിൽ 357 കമ്മ്യൂണിറ്റി കൗൺസിലേഴ്സ് 14 ജില്ലകളിലായി പ്രവർത്തിക്കുന്നു. കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയുടെയും കുടുംബശ്രീ പ്രവർത്തന പരിചയങ്ങളുടെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട വനിതകളാണ് കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ആയി ജോലി ചെയ്യുന്നത്. അവബോധ ക്ലാസുകൾ, ഗ്രൂപ്പ് കൗൺസിലിംഗ് വ്യക്തിഗത കൗൺസിലിംഗ് എന്നിവ നല്കുകയും ആവശ്യമായ ഇടപെടലുകളും സേവനങ്ങളും 14 ജില്ലകളിലുമുള്ള സ്നേഹിത |

| 1 | 2 | 3 |
|---|---|---|
| | | ജെൻഡർ ഹെൽപ്പ് ഡെസ്കുകളുമായും ജെൻഡർ റിസോഴ്സ് സെന്ററുകളുമായി ചേർന്ന് നല്കുകയും ചെയ്തുവരുന്നു.<br><br>6. **വിജിലന്റ് ഗ്രൂപ്പ്**<br><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രാദേശികമായി പ്രതിരോധിക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തുക, അതിക്രമങ്ങൾ, ചൂഷണങ്ങൾ എന്നിവ നേരിടുന്നവർക്ക് കുടുംബശ്രീ സേവന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തി ആവശ്യമായ പിന്തുണയും സഹായവും നല്കുക, സ്ത്രീ ശിശുസൗഹൃദ പ്രാദേശിക ഇടങ്ങൾ സൃഷ്ടിക്കുക, അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ സേവനങ്ങളും പിന്തുണയും നല്കുന്നതിനുള്ള ഒരു സ്വയം സജ്ജ വാളന്റിയർ ഗ്രൂപ്പായി പ്രവർത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓരോ വാർഡിലും അഞ്ച് മുതൽ പത്ത് വരെ അംഗങ്ങളെ (സ്ത്രീകളും പുരുഷന്മാരും) ഉൾപ്പെടുത്തി രൂപീകരിച്ച 17,894 വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ തദ്ദേശസ്വയം ഭരണ തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളുമായി സംയോജിച്ചാണ് നടത്തുന്നത്. പ്രശ്നങ്ങൾ നേരിടുന്നവർക്കും അതിജീവിച്ചവർക്കും അടിയന്തര ഘട്ടത്തിൽ ആവശ്യമായ സാമൂഹിക മാനസിക പിന്തുണ നല്കാൻ വിജിലന്റ് ഗ്രൂപ്പ് പ്രവർത്തകർക്ക് സാധിക്കും.<br><br>**7. ജെന്റർ അവബോധ പരിശീലനം**<br><br>തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും പരിശീലനം നല്കി 14 അംഗ റിസോഴ്സ് പൂൾ രൂപീകരിച്ചു. റിസോഴ്സ് പൂൾ |

| 1 | 2 | 3 |
|---|---|---|
| | | അംഗങ്ങൾ ജെന്റർ അവബോധ പരിശീലനങ്ങളും നടത്തിവരുന്നു. 2018-19 വർഷം ഇവരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, 1064 കുടുംബശ്രീ സിഡിഎസ് ജനപ്രതിനിധികൾക്കും ഉള്ള പരിശീലനം നല്കി. കേരളത്തിലെ പല കോളേജുകൾ, സ്കൂളുകൾ, വകുപ്പുകൾ എന്നിവിടങ്ങളിലും കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്കും ഒന്നു മുതൽ 4 വരെ ദിവസങ്ങളായുള്ള പരിശീലനം നല്കിവരുന്നു.<br>(20-8-2019-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>(21-5-2022-ലെ ഡിഎ 3/224/2019 തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ, സ്വാതന്ത്ര്യനിഷേധം, അവകാശ ലംഘനം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ സ്ത്രീ ശാക്തീകരണ സെമിനാറുകൾ നടത്തി പ്രവർത്തന റിപ്പോർട്ട് ഗ്രാമസഭകളിൽ അവതരിപ്പി ക്കാറുണ്ട്. കൂടാതെ സ്ത്രീകളുടെ അവകാശ ങ്ങൾക്കും സുരക്ഷയ്ക്കുമായി കാലാകാല ങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ഗ്രാമസഭകൾ ചർച്ച ചെയ്യാറുണ്ട്. വനിതാ ശിശുവികസന വുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ഗ്രാമസഭകളിലൂടെ സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനം, ലൈംഗികാതിക്രമം എന്നിവ സംബന്ധിച്ച് ബോധവത്കരണം നടത്താറുമുണ്ട്. തദ്ദേശസ്വയംഭരണ |

| 1 | 2 | 3 |
|---|---|---|
| | | സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡി - ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും വനിതാ ഘടകപദ്ധതികൾ യുക്തി ഭദ്രമായ അടിത്തറയിൽ തയ്യാറാക്കു ന്നതിനും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനുമായി ജന്റർ റിസോഴ്സ് സെന്ററിന് രൂപം നല്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള ജന്റർ റിസോഴ്സ് സെന്ററുകൾ മുഖേനയും, ജാഗ്രതാ സമിതികളിലൂടെയും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാർ ബോധവത്കരണ ക്ലാസുകളും കൗൺസിലിംഗും നടത്തി വരുന്നുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ, കുളത്തൂർ, വിതുര എന്നീ ഗ്രാമപഞ്ചായ ത്തുകളിൽ സ്ത്രീ സുരക്ഷ എന്ന വിഷയം പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിൽ കായികമായും മാനസികമായും സ്ത്രീകളെ ശക്തിപ്പെടുത്തു ന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കായി ജൂഡോ പരിശീലനവും എടത്തുരുത്തി ഗ്രാമപഞ്ചാ യത്തിൽ വനിതകൾക്കായി സെൽഫ് ഡിഫൻസ് ക്ലാസുകളും സംഘടിപ്പിച്ചി ട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.<br><br>(4-11-2022-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| 15 | ബുദ്ധിമാന്ദ്യം, ബധിരത മുതലായ അംഗ വൈകല്യങ്ങൾ ഉള്ളവരും പീഡനത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ലായെന്നുള്ള സാമൂഹ്യ പ്രശ്നം ഗൗരവതരമാണ്. ഇത്തരക്കാരുടെ വിവാഹ ജീവിതം ഉൾപ്പെടെ ഭാവിജീവിതം ഇരുളടയുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഇത്തരം ദുസ്സഹമായ അവസ്ഥയിൽ അനുഭാവപൂർണ്ണമായ സമീപനമോ, പിന്തുണയോ, ബന്ധുക്കളിൽ നിന്നോ, സമൂഹത്തിൽ നിന്നോ ഇവർക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ പീഡിതരുടെയും ആവശ്യമെങ്കിൽ അവരുടെ കുടുംബത്തിന്റേയും പുനരധിവാസം ഏറ്റെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും, ഇത്തരക്കാരെ സാധാരണ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരുവാനുള്ള കൗൺസിലിംഗ്/ബോധവല്കരണ ക്ലാസുകൾ, പ്രത്യേക കർമ്മ പരിപാടികൾ എന്നിവ നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (19) | **സാമൂഹ്യനീതി വകുപ്പ്**<br><br>(6-12-2019-ലെ 111/ഡി2/19/സാ.നീ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>70%മോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളതോ ആയവരുടെ കുട്ടിരിപ്പുകാർക്ക് വകുപ്പിന്റെ സ്വാശ്രയ പദ്ധതിയിലൂടെ സ്വയം തൊഴിൽ വായ്പ നല്കുന്നത് വഴി ഇത്തരക്കാർ വീട്ടുകളിൽ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥ ഒഴിവാക്കുന്നുണ്ട്. കൂടാതെ ഭിന്നശേഷിക്കാരിൽ പീഡനത്തിന് വിധേയരായവരെ അവർക്ക് ആവശ്യമെങ്കിൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കുന്നുണ്ട്. എന്നാൽ ഭിന്നശേഷിക്കാരിൽ പീഡനത്തിനു ഇരയാകുന്നവരുടെ കൃത്യമായ കണക്ക് വകുപ്പിൽ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ആഭ്യന്തരവകുപ്പിന്റെ സഹായത്തോടെ ഇത്തരക്കാരുടെ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർമുഖേന ഇവരുടെ കൃത്യമായ പുനരധിവാസം കൗൺസിലിംഗ്/ബോധവത്കരണ ക്ലാസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>(19-3-2020-ൽ അധിക വിവരം ആരാഞ്ഞു.) |
| | **അധികവിവരം**<br><br>പീഡനത്തിനിരയായ ഭിന്നശേഷിക്കാരുടെ കൃത്യമായ കണക്ക് ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. | **സാമൂഹ്യനീതി വകുപ്പ് - അധികവിവരം**<br><br>(3-3-2022-ലെ ബി2/375/2021/സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>19-ാം ഖണ്ഡികയിലെ റിപ്പോർട്ട്-അധികവിവരം പീഡനത്തിന് ഇരയായ ഭിന്നശേഷിക്കാരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

<table>
<tr><th>1</th><th>2</th><th>3</th></tr>
<tr><td></td><td></td><td>
<table>
<tr><td>ജില്ലയുടെ പേര്</td><td>എണ്ണം</td></tr>
<tr><td>തിരുവനന്തപുരം</td><td>31</td></tr>
<tr><td>കൊല്ലം</td><td>26</td></tr>
<tr><td>പത്തനംതിട്ട</td><td>3</td></tr>
<tr><td>ആലപ്പുഴ</td><td>5</td></tr>
<tr><td>കോട്ടയം</td><td>5</td></tr>
<tr><td>ഇടുക്കി</td><td>5</td></tr>
<tr><td>എറണാകുളം</td><td>14</td></tr>
<tr><td>തൃശ്ശൂർ</td><td>36</td></tr>
<tr><td>പാലക്കാട്</td><td>7</td></tr>
<tr><td>മലപ്പുറം</td><td>16</td></tr>
<tr><td>കോഴിക്കോട്</td><td>7</td></tr>
<tr><td>വയനാട്</td><td>8</td></tr>
<tr><td>കണ്ണൂർ</td><td>10</td></tr>
<tr><td>കാസർഗോഡ്</td><td>11</td></tr>
<tr><td>ആകെ</td><td>184</td></tr>
</table>
മേൽ വിവരങ്ങൾ സമിതിയെ അറിയിക്കുന്നു.<br>
(21-6-2022-ൽ അധികവിവരം അംഗീകരിച്ചു.)</td></tr>
<tr><td>16</td><td>കേരളത്തിലെ വനിതാ തടവുകാരുടെ ജയിൽ ജീവിതം വളരെ പരിതാപകരമാണെന്ന് സമിതി മനസ്സിലാക്കുന്നു. പല തടവുകാരും ശിക്ഷാ കാലാവധി പൂർത്തിയാക്കിയ ശേഷവും സാങ്കേതിക കാരണങ്ങളാൽ ജയിലിനുള്ളിൽ തന്നെ തുടരുന്നതായി കണ്ടുവരുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കി</td><td>സാമൂഹ്യനീതി വകുപ്പ്<br>
(24-9-2013-ലെ 3508/ബി3/13/സാനീവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>
വനിതാ തടവുകാർക്ക് ശിക്ഷ കഴിഞ്ഞ് തിരികെ വരുമ്പോൾ സ്വയം തൊഴിൽ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം സാമൂഹ്യനീതി വകുപ്പ് വഴി ലഭ്യമാക്കുന്നുണ്ട്. (30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)</td></tr>
</table>

| 1 | 2 | 3 |
|---|---|---|
| | അവരുടെ വിടുതലിനായി സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ശിക്ഷ കഴിഞ്ഞ് സ്വന്തം വീടുകളിൽ തിരികെ യെത്തിയാൽ ബന്ധുക്കൾ ഇവരെ അവഗണിക്കുകയാണ് പതിവ്. ഭാവിജീവിതത്തെ നന്മയിലേക്കു നയിക്കാൻ പര്യാപ്തമായ സാഹചര്യങ്ങൾ ഇവർക്കു ലഭ്യമാക്കാനായി പ്രത്യേക പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്ക ണമെന്നും വിവിധ തരത്തിലുള്ള തൊഴിലുകളിൽ പരിശീലനം നല്കി ജീവിത വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (20)</u> | **ആഭ്യന്തര വകുപ്പ്**<br><br><u>(25-7-2013-ലെ 36620/ബി1/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u><br><br>1. <u>കൂൺ കൃഷി</u> - 2010-11 സാമ്പത്തിക വർഷത്തെ തടവുകാരുടെ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി തുക പൂർണ്ണമായി വിനിയോഗിച്ചു കൊണ്ട് ജയിലിനകത്ത് കൂൺ കൃഷിക്കായി കെട്ടിടം പണിയുകയും കൃഷി വിജ്ഞാൻ കേന്ദ്രവുമായി ബന്ധപ്പെട്ട് പരിശീലനം നല്കുകയും, അവർ വിതരണം ചെയ്തു വിത്തുകൾ ഉപയോഗിച്ച് തടവുകാർ ജയിലിനകത്ത് കൂൺ ഉല്പാദിപ്പിക്കുകയും ചെയ്തു.<br><br>2. <u>ഡയറിഫാം</u> - കണ്ണൂർ വനിതാ ജയിലിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2010-11 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഡയറിഫാം അനുവദിക്കുകയും, വളരെ നല്ല രീതിയിൽ നടന്നുവരികയും ചെയ്യുന്നു. ടി ജയിലിലെ ശിക്ഷാ തടവുകാർക്ക് പശു വളർത്തലിലും, ഡയറിഫാം നടത്തിപ്പിലും പരിശീലനം നേടുകയും ജയിൽമോചിതരായാൽ ഉപജീവനമാർഗ്ഗം കണ്ടെത്തുവാൻ പ്രാപ്തരുമാണ്.<br><br>3. <u>തയ്യൽ പരിശീലന യൂണിറ്റ്</u> - വനിതാ തടവുകാർക്ക് തയ്യൽ പരിശീലനം നല്കുന്നതിന്റെ ഭാഗമായി വനിതാ ജയിലുകളിൽ തയ്യൽ പരിശീന യൂണിറ്റും റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണവും വിപണനവും നടത്തി വരുന്നു. ഈ പരിശീലനത്തിലൂടെ |

| 1 | 2 | 3 |
|---|---|---|
| | | ജയിൽ മോചിതരായശേഷവും ജിവിത വരുമാന മാർഗ്ഗം കണ്ടെത്തുവാൻ അവർക്ക് കഴിയുന്നു.<br><br>4. സോപ്പ് നിർമ്മാണയൂണിറ്റ് - വനിതാ ജയിലുകളിലെ തടവുകാർക്ക് ടോയ്‌ലറ്റ് സോപ്പ്, അലക്ക് സോപ്പ്, ക്ലീനിംഗ് ലോഷൻ എന്നിവ വലിയ മുതൽമുടക്കില്ലാതെ നിർമ്മിക്കുന്നതിനുവേണ്ട പരിശീലനം നല്കി വരുന്നു. ഇതിലൂടെ ശിക്ഷാകാലാവധി കഴിഞ്ഞ് പുറത്ത് പോയാലും സ്വന്തമായി ഉപജീവനമാർഗ്ഗം കണ്ടെത്താൻ തടവുകാർക്ക് സാധിക്കും.<br><br>5. ഫാൻസി ആഭരണ നിർമ്മാണം - ആരോഗ്യപരമായി അധ്വാനിക്കുവാൻ കഴിയാത്തവർക്ക് പോലും ചെയ്യാൻ കഴിയുന്ന ഒരു തൊഴിലാണ് ആഭരണ നിർമ്മാണം. സന്നദ്ധ സംഘടനകളുമായി സഹകരിച്ചുകൊണ്ട് തടവുകാർക്ക് ആഭരണ നിർമ്മാണത്തിൽ പരിശീലനം നല്കുകയും വളരെ മനോഹരമായ ആഭരണങ്ങൾ നിർമ്മിക്കുകയും ചെയ്തു വരുന്നു.<br><br>6. കൃഷി - തടവുകാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യം മെച്ചപ്പെടുത്തു വാനും സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി ജയിലിനുള്ളിൽ കൃഷി ചെയ്യുവാൻ സാധ്യമായ സ്ഥലങ്ങളിൽ എല്ലാം കൃഷി ചെയ്തുവരുന്നു. കൂടാതെ തടവുകാർക്ക് മാറ്റ് നിർമ്മാണം, ടെയിലറിംഗ്, എംബ്രോയ്ഡറി, ഫാബ്രിക്ക് പെയിന്റിംഗ്, കറിപൗഡർ, അച്ചാർ, സ്ക്വാഷ്, ജ്യൂസ് എന്നിവയുടെ നിർമ്മാണ പരിശീലനം, |

| 1 | 2 | 3 |
|---|---|---|
| | | കൃത്രിമ പൂക്കളുടെയും കരകൗശല വസ്തുക്കളുടെയും നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം എന്നിവയിൽ പരിശീലനം നല്കി വരുന്നു.<br>(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>**തൊഴിലും നൈപുണ്യവും വകുപ്പ്**<br>(13-2-2015-ലെ 11260/സി4/13/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>കേരളത്തിലെ വനിതാ തടവുകാരുടെ ശിക്ഷാ കാലാവധി പൂർത്തിയാക്കിയ ശേഷവും ജയിലിനുള്ളിൽ തന്നെ തുടരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും, വിടുതൽ ലഭിച്ചതിനുശേഷവും അവഗണന നേരിടുന്നവരുടെ ഭാവി ജീവിതത്തെ നന്മയിലേക്ക് നയിക്കുവാൻ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വ്യാവസായിക പരിശീലന വകുപ്പിനു കഴിയില്ല. എന്നാൽ ശിക്ഷാ കാലാവധി കഴിഞ്ഞുവരുന്നവർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് (എസ്.ഡി.ഐ.) സ്കീം നടപ്പിലാക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡറുകളിൽ (വി.ടി.പി.) ചേർന്ന് തികച്ചും സൗജന്യമായി തൊഴിൽ പരിശീലനം നേടാവുന്നതാണ്. 60 മണിക്കൂർ മുതൽ 1800 മണിക്കൂർ വരെ ദൈർഘ്യമുള്ള കോഴ്സുകളാണ് ഇപ്പോൾ ഉള്ളത്. ഇത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.ടി. സർട്ടിഫിക്കറ്റ് ലഭിക്കും. ഇത് ലോകത്ത് എവിടെയും അംഗീകാരമുള്ളതാണ്. കൂടാതെ വ്യവസായശാലകളിൽ തൊഴിൽ നേടുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും |

| 1 | 2 | 3 |
|---|---|---|
| | | ടി കോഴ്സുകൾ ഉപകാരപ്രദമാണ്. ഇപ്പോൾ സംസ്ഥാനത്ത് 297 വിടിപികളാണ് നിലവിലുള്ളത്.<br><br>സ്ത്രീകൾക്ക് പ്രത്യേകിച്ചും തൊഴിൽ സാധ്യത ഉള്ള ഗാർമെന്റ് മേക്കിംഗ് സെക്ടർ, ഫാഷൻ ഡിസൈൻ സെക്ടർ, ജെം & ജ്വവലറി സെക്ടർ, ബ്യൂട്ടികൾച്ചർ & ഹെയർ ഡ്രസ്സിംഗ് സെക്ടർ എന്നിവ ഉൾപ്പെടെ 68 സെക്ടറുകളിലായി 558 കോഴ്സുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സ്കീമിനെക്കുറിച്ചുള്ള വിശദാംശങ്ങൾ www.sdi.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.<br><br>ഈ സ്കീമിന്റെ റീവാംമ്പിംഗിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ പുനപരിശോധന നടത്തി റിവൈസ്ഡ് കോഴ്സുകൾക്ക് അംഗീകാരം നല്കുന്ന പ്രവൃത്തി നടന്നുവരികയാണ്. കൂടാതെ കേരളത്തിലെ വനിത തടവുകാരുടെ ശിക്ഷാകാലാവധി പൂർത്തിയാക്കി വിടുതൽ ലഭിച്ചതിനുശേഷവും അവഗണന നേരിടുന്ന വർക്കുവേണ്ടിയുള്ള പുനരധിവാസ കേന്ദ്രത്തിൽ തന്നെ കേന്ദ്ര സർക്കാർ അംഗീകൃതമായ വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർ ആരംഭിക്കാവുന്നതാണ്.<br><br>(3-6-2015-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 17 | അക്ഷരാഭ്യാസമില്ലാത്ത എല്ലാ തടവുകാർക്കും പ്രാഥമിക വിദ്യാഭ്യാസം നല്കണമെന്ന് ജയിൽ നിയമം അനുശാസിക്കുന്നുണ്ടെങ്കിലും മതിയായ അദ്ധ്യാപകരുടെ അഭാവം ജയിലുകളിൽ കണ്ടുവരുന്നതായി സമിതി അഭിപ്രായ പ്പെടുന്നു. ആയതിനാൽ, ജയിലുകളിൽ | **പൊതുവിദ്യാഭ്യാസവകുപ്പ്**<br><br>(18-5-2013 ലെ 15531/എൻ1/2013/ പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br><br>ജയിലുകളിൽ തടവുകാരെ പഠിപ്പിക്കുന്നത് പി.എസ്.സി. മുഖാന്തരം നിയമിക്കുന്ന പി.ഡി. ടീച്ചർമാരാണ്. എന്നാൽ 5-3-2013-ൽ |

| 1 | 2 | 3 |
|---|---|---|
| | അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (21)</u> | ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം സാക്ഷരതാ മിഷന്റെ നാല്, ഏഴ്, പത്ത് തുല്യതാ പരീക്ഷ എഴുതുവാൻ താൽപര്യം കാണിക്കുന്ന ജയിൽ ശിക്ഷ അനുഭവിക്കുന്ന പഠിതാക്കൾക്ക് ജയിൽ വെൽഫയർ കമ്മിറ്റിയുടെ ശിപാർശയ്ക്ക് വിധേയമായി തുല്യതാ കോഴ്സുകൾ പൂർണ്ണമായും സൗജന്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)<br><br>**ആഭ്യന്തര വകുപ്പ്**<br><br>(25-7-2013-ലെ 36620/ബി1/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br><br>അക്ഷരാഭ്യാസമില്ലാത്ത തടവുകാർക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കുന്നതിനായി തിരുവനന്തപുരം വനിതാ ജയിലിൽ ഒരു പി.ഡി. ടീച്ചറെ നിയമിച്ചിട്ടുണ്ട്. എന്നാൽ വിയ്യൂർ, കണ്ണൂർ വനിതാ ജയിലുകളിൽ ടീച്ചറുടെ തസ്തികയില്ലാത്തതിനാൽ വെൽഫയർ ഓഫീസറുടെ മേൽനോട്ടത്തിലും ജില്ലാ സാക്ഷരതാ മിഷൻ വഴിയും ക്ലാസുകൾ നടത്തിവരുന്നു. തടവുകാർക്ക് കമ്പ്യൂട്ടർ പഠിക്കുന്നതിനായി കമ്പ്യൂട്ടർ ലാബും സയൻസ് & ടെക്നോളജി വകുപ്പിന്റെ നേതൃത്വത്തിൽ ഡി.റ്റി.പി.-യിൽ പരിശീലനവും നല്കിവരുന്നു.<br><br>(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| 18 | വനിതാ തടവുകാരുടെ ജയിൽ ജീവിതത്തിൽ അനുഭവിക്കുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി ഇവർക്ക് വിനോദ ത്തിനുള്ള സൗകര്യങ്ങൾ, സെമിനാറുകൾ, ബോധവല്ക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കണമെന്നും, ശിക്ഷാ കാലാവധിക്കുശേഷം സ്വയം പര്യാപ്തമായ ഒരു ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (22)</u> | **ആഭ്യന്തര വകുപ്പ്**<br>(25-7-2013-ലെ 36620/ബി1/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>വനിതാ തടവുകാരുടെ ജയിൽവാസ കാലത്ത് അനുഭവിക്കുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി ആർട്ട് ഓഫ് ലിവിംഗ്, സ്റ്റേറ്റ് റിസോഴ്സ് സെന്റർ എന്നിവയുടെ നേതൃത്വത്തിൽ യോഗ ക്ലാസ്സുകൾ, എല്ലാ ജയിലുകളിലും തടവുകാർക്ക് പൂർണ്ണമായും വിനിയോഗിക്കാൻ ലൈബ്രറി, പത്രം, മാസികകൾ, മാനസി കോല്ലാസത്തിനുവേണ്ടി സെല്ലുകളിൽ കളർ ടി.വി.സെറ്റ്, കായിക വിനോദത്തിനായി സ്പോർട്ട്സ് ഉപകരണങ്ങളായ ലൂഡോ, ചെസ്സ്, ബാഡ്മിന്റൺ, ക്യാരംസ് എന്നിവ ഒഴിവുസമയങ്ങളിൽ കളിക്കാറുണ്ട്. ജയിൽ ദിനാഘോഷങ്ങ ളോടനുബന്ധിച്ച് സ്പോർട്ട്സ് മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് പ്രോത്സാഹന മായി സമ്മാന വിതരണം നടത്തുകയും ചെയ്തുവരുന്നു. കോയിൻ ബോക്സ് സംവിധാനം ജയിലുകളിൽ ഏർപ്പെടുത്തി യതോടുകൂടി തടവുകാർക്ക് ബന്ധുക്കളുമായി സംസാരിക്കുന്നതിനും അതിലൂടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും സാധിക്കുന്നു. ജയിലുകളിൽ പ്രവർത്തിച്ചു വരുന്ന ലീഗൽ എയ്ഡ് ക്ലീനിക്കുകൾ മുഖേന തടവുകാർക്ക് സൗജന്യമായി നിയമ സഹായം നൽകിവരുന്നു. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടി പ്പിക്കുന്നു. ദിവസേന എഫ്.എം.റേഡിയോ വഴി ശ്രവണസുന്ദരമായ ഗാനങ്ങൾ |

| 1 | 2 | 3 |
|---|---|---|
| | | ശ്രവിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. വിവിധ മതസംഘടനകളുടെ നേതൃത്വത്തിൽ പ്രാർത്ഥനകളും മാനസാന്തരത്തിനുതകുന്ന തരത്തിലുള്ള ക്ലാസ്സുകളും നടത്തിവരുകയും ഇതിലൂടെ തടവുകാരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും കഴിയുന്നു.<br>(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>**സാമൂഹ്യനീതി വകുപ്പ്**<br>(24-9-2013-ലെ 3508/ബി3/2013/സാനീവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>ശിക്ഷാ-കാലാവധിക്കുശേഷം സ്വയം പര്യാപ്തമായ ഒരു ജിവിതം നയിക്കുവാനും പുനരധിവാസത്തിനുമായി സാമൂഹ്യനീതി വകുപ്പ് നിലവിൽ ആനുകൂല്യം നല്കി വരുന്നുണ്ട്.<br>(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 19 | മാനസിക ആരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സയ്ക്ക് ശേഷം സുഖം പ്രാപിക്കുന്ന സ്ത്രീകളെ സ്വീകരിക്കാൻ വീട്ടുകാർ തയ്യാറാകാത്ത അവസ്ഥ സമൂഹത്തിൽ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇവരുടെ പുനരധിവാസത്തിന് സർക്കാർ മുൻകൈ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><u>ഖണ്ഡിക (23)</u> | **സാമൂഹ്യനീതി വകുപ്പ്**<br>(24-9-2013-ലെ 3508/ബി3/2013/സാനീവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>മാനസിക രോഗവിമുക്തരായവരുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾക്ക് ധനസഹായം നൽകുന്നതിനായി Financial Assistance Scheme to Psycho Social Rehabilitation Centres എന്ന പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മാനസിക ആരോഗ്യ |

| 1 | 2 | 3 |
|---|---|---|
| | | കേന്ദ്രങ്ങളിൽ നിന്നും വിമുക്തരായവർക്ക് ഇത്തരം കേന്ദ്രങ്ങളിൽ പുനരധിവാസം ലഭ്യമാകുന്നതാണ്.<br>(30-10-2013-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 20 | ബസുകളിലും മറ്റു പബ്ലിക് സർവ്വീസ് വാഹനങ്ങളിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതായി കണ്ടുവരുന്നു. ബസുകളിലും ട്രെയിനുകളിലും, പൊതുസ്ഥലങ്ങളിലും മദ്യപിച്ച് ശല്യം ചെയ്യുന്നവർക്ക് കർശന ശിക്ഷ ഉറപ്പാക്കണമെന്നും, തിരക്കു കൂടുന്ന സമയങ്ങളിൽ, ബസ് സ്റ്റോപ്പുകളിൽ പോലീസ് സേവനം ലഭ്യമാക്കണ മെന്നും സമിതി ശിപാർശചെയ്യുന്നു.<br><u>ഖണ്ഡിക (24)</u> | **ഗതാഗത വകുപ്പ്**<br>24-9-2013-ലെ 3984/എ 2/2013/ ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ഡിപ്പോകളിലും മദ്യപിച്ച് സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ പോലീസിൽ റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം ഇതിനകം തന്നെ നല്കിയിട്ടുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ പോലീസ് സഹായം ലഭിക്കുന്നതിനായി പോലീസ് എയ്ഡ് പോസ്റ്റുകളും മറ്റും സ്ഥാപിച്ചും പോലീസ് ഉദ്യോഗസ്ഥരെ ബസ് സ്റ്റേഷനുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചും ജനങ്ങൾക്ക് ആവശ്യമായ പോലീസ് സഹായങ്ങൾ നല്കിവരുന്നുണ്ട്. കൂടാതെ മറ്റ് തിരക്ക് കുറവായിട്ടുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ പട്രോളിംഗിന്റെ സേവനം ഉപയോഗപ്പെടുത്തി പോലീസ് സഹായം നല്കിവരുന്നുണ്ട്. ഇതിനുപുറമെ ബസ് സ്റ്റേഷനുകളുടെ പുറത്ത് സാധാരണയായി കാണപ്പെടുന്ന ഗതാഗത കുരുക്ക് നിയന്ത്രി ക്കുവാനും, കാൽനട യാത്രക്കാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ട്രാഫിക് പോലീസിന്റെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. |

| 1 | 2 | 3 |
|---|---|---|
| | | ബസ് സ്റ്റേഷനുകളിലെ പോക്കറ്റടി, മോഷണം, സ്ത്രീകളെ ശല്യപ്പെടുത്തൽ, അശ്ലീല പുസ്തകങ്ങളുടെ വില്പന, മുതിർന്ന പൗരന്മാരുടെ സുരക്ഷ എന്നിവ മുൻ നിർത്തി ഷാഡോ പോലീസ്, വനിതാ പോലീസ്, മഫ്ടി പോലീസ് എന്നിവരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ച് പൊതുജനങ്ങൾക്ക് പോലീസ് സഹായം പരമാവധി ഇടങ്ങളിൽ എത്തിക്കുന്നതിനായി കരുതലോടെ കേരളാ പോലീസ് പ്രവർത്തിച്ചുവരുന്നതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.<br>(18-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു)<br>**ഗതാഗത വകുപ്പ്**<br>(6-12-2013-ലെ 3862/ഡി2/2013/ഗതാ നമ്പർ കത്ത് പ്രകാരം ലഭിച്ചു.)<br>റെയിൽവെ നിയമം വകുപ്പ് 145 പ്രകാരം മദ്യപിച്ച് ട്രെയിനുകളിലും റെയിൽവെ പരിസരങ്ങളിലും ശല്യമുണ്ടാക്കുന്നവർക്കെതിരെ റെയിൽവെ കർശന നടപടികൾ എടുത്തുവരുന്നു. ടി നിയമത്തിന്റെ വകുപ്പ് 145(a)പ്രകാരം മദ്യപിച്ച് ട്രെയിനിൽ സഞ്ചരിക്കുന്നതും കുറ്റമാണ്. ആർ.പി.എഫ്. ഇക്കാര്യത്തിൽ സ്ഥിരമായി പരിശോധനകൾ നടത്തി കുറ്റം ചെയ്യുന്നവർക്കെതിരെ നടപടികൾ എടുക്കുന്നുണ്ട്. അങ്ങനെ തിരുവനന്തപുരം റെയിൽവെ ഡിവിഷനിൽ 2012-ൽ 2419 പേർക്കെതിരെ നടപടിയെടുക്കുകയും 8,71,410 രൂപ പിഴയീടാക്കുകയും ചെയ്തു. |

| 1 | 2 | 3 |
|---|---|---|
| | | 2013 മാർച്ച് മാസം വരെ 971 പേർക്കെതിരെ നടപടിയെടുക്കുകയും 1,68,800 രൂപ പിഴയീടാക്കുയും ചെയ്തു. കൂടാതെ കേരള പോലീസ് നിയമം വകുപ്പ് 118(A)പ്രകാരം സംസ്ഥാന പോലീസും അത്തരക്കാർക്കെ തിരെ കർശനമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ട്രെയിനു കളിലും പ്ലാറ്റ്ഫോമുകളിലും ആൽക്കോമീറ്റർ ഉപയോഗിച്ച് പരിശോധനകളും നടത്തുന്നുണ്ട്.<br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു).<br>**ആഭ്യന്തര വകുപ്പ്**<br>(12-2-2013-ലെ 43108/എം2/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>ബഹു.സമിതിയുടെ ടി ശിപാർശയിന്മേൽ കർശന നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി 26-6-2013-ലെ കെ.9/34073/2013-നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.<br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 21 | ബസുകളിലും മറ്റ് പബ്ലിക് സർവ്വീസ് വാഹനങ്ങളിലും സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ നടന്നാൽ ആ വാഹനം ഉടൻ തന്നെ പോലീസ് സ്റ്റേഷനിൽ എത്തിക്കുവാൻ ജീവനക്കാർക്ക് ബാധ്യതയുണ്ടെങ്കിലും പല ജീവനക്കാരും | **ഗതാഗത വകുപ്പ്**<br>(24-9-2013-ലെ 3984/എ 2/2013/ ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>യാത്രാവേളകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ |

| 1 | 2 | 3 |
|---|---|---|
| | ഇത് പാലിക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. ബസ് ജീവനക്കാരുടെ സമയോചിതമായ ഇടപെടൽമൂലം ഇത്തരം പീഡനങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. ആയതിനാൽ പീഡനങ്ങൾക്കെതിരെ പരാതിപ്പെടുവാനുള്ള അപേക്ഷാ ഫോറം എല്ലാ ബസ് കണ്ടക്ടർമാരും കൈവശം വയ്ക്കണമെന്നും, പരാതി എഴുതി വാങ്ങി ജീവനക്കാർ തന്നെ പോലീസിൽ വിവരം അറിയിക്കണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇത്തരം വാഹനങ്ങളിൽ സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (25)</u> | ഉടൻതന്നെ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണമെന്ന് കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പീഡനങ്ങൾ ക്കെതിരെ പരാതിപ്പെടാനുള്ള മാതൃക തയ്യാറാക്കി കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്സുകൾക്ക് നല്കുന്നതിനും ഇവ സംബന്ധിച്ച നിർദ്ദേശങ്ങൾ കണ്ടക്ടർമാർക്ക് നല്കുന്നതിനും സ്റ്റേറ്റ് പോലീസ്, ചീഫ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.<br><br>(18-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>(19-12-2013-ലെ 3992/ബി1/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>25, 26, 27 ക്രമനമ്പരിലുള്ള ശിപാർശകൾ നടപ്പിലാക്കുന്നതിനായി കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ യഥാക്രമം 89, 273, 149 എന്നീചട്ടങ്ങൾ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണെന്ന വിവരം അറിയിക്കുന്നു.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു).<br><br>(5-1-2015-ലെ 3992/ബി1/2013/ഗത. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>25, 26, 27 എന്നീ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം പ്രസ്തുത ശിപാർശകൾ |

| 1 | 2 | 3 |
|---|---|---|
| | | നടപ്പിലാക്കുന്നതിനായി 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ 89, 273, 149 എന്നീ ചട്ടങ്ങൾ ഭേദഗതി ചെയ്ത് 4-11-2014-ലെ സ.ഉ. (അച്ചടി) 78/2014/ ഗതാ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(11-2-2015-ലെ യോഗത്തിൽ അംഗീകരിച്ചു).<br>(23-7-2015-ലെ 5501/ബി1/2015/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>4-11-2014-ലെ സ. ഉ. (പി)78/2014/ ഗതാ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1989-ലെ മോട്ടോർ വാഹന നിയമത്തിലെ ചട്ടം 89, ചട്ടം 149(A) ചട്ടം 273 എന്നിവയിൽ ഭേദഗതി വരുത്തി, സ്റ്റേജ് കാര്യേജുകളിൽവച്ച് സ്ത്രീകൾക്കെതിരെ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾക്കെതിരെ പരാതി നല്കുന്നതിനായുള്ള FORM CAWA ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുക യുണ്ടായി. ഇക്കാര്യം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നതിന് 13-7-2015-ലെ കത്ത് പ്രകാരം വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കുകയും 15-7-2015-ലെ പ്രമുഖ പത്രങ്ങളിൽ വാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>(14-10-2015-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 22 | വർദ്ധിച്ചുവരുന്ന സ്ത്രീപീഡനം തടയുന്നതിനായി ബസുകളിൽ ടോൾ ഫ്രീ/ഹെൽപ്പ് ലൈൻ നമ്പരുകൾ | **ഗതാഗത വകുപ്പ്**<br>(24-9-2013-ലെ 3984/എ 2/2013/ ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്) |

| 1 | 2 | 3 |
|---|---|---|
| | ലഭ്യമാക്കണമെന്നും, അവ എല്ലാ കെ.എസ്.ആർ.ടി.സി. സ്വകാര്യ ബസുകളിലും, കേരളത്തിലോടുന്ന അന്യസംസ്ഥാന ബസുകളിലും പതിപ്പി ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഇത്തരം നമ്പരുകളിലേക്കുള്ള സേവന ലഭ്യത ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (26) | കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസ് ഉൾപ്പെടെയുള്ള എല്ലാത്തരം ബസുകളിലും യാത്രക്കാർക്ക് പെട്ടെന്ന് ബന്ധപ്പെട്ട് പരാതി നല്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി. കൺട്രോൾ റൂമിന്റെ നമ്പരുകൾ ബസിനുള്ളിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. അത്തരത്തിൽ ലഭിക്കുന്ന പരാതികൾ കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗത്തിന് കൈമാറി അനന്തര നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനം തടയുന്നതിനായി ബസുകളിൽ ടോൾഫ്രീ/ ഹെൽപ്പ് നമ്പർ ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് പോലീസ്, ചീഫ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>(18-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>(19-12-2013-ലെ 3992/ബി1/2013/ഗത. നമ്പർ പ്രകാരം ലഭ്യമാക്കിയത്)<br><br>25, 26, 27 ഖണ്ഡികകളിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ യഥാക്രമം 89, 273, 149 എന്നീ ചട്ടങ്ങൾ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണെന്ന വിവരം അറിയിക്കുന്നു.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>(5-1-2015-ലെ 3992/ബി1/2013/ഗത. നമ്പർ പ്രകാരം ലഭ്യമാക്കിയത്)<br><br>25, 26, 27 എന്നീ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. |

| 1 | 2 | 3 |
|---|---|---|
| | | അതിൻ പ്രകാരം പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിനായി 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ 89, 273, 149 എന്നീ ചട്ടങ്ങൾ ഭേദഗതി ചെയ്ത് 4-11-2014-ലെ സ. ഉ. (അച്ചടി) 78/2014/ ഗതാ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>(11-2-2015-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 23 | കെ.എസ്.ആർ.ടി.സി./സ്വകാര്യ ബസുകളിൽ തനിച്ച് യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് വൈകുന്നേരം 6.30 മണിക്കുശേഷം അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ വാഹനം നിർത്തി ഇറങ്ങുന്നതിന് സൗകര്യമൊരുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും, ഇത് പാലിക്കാത്ത ജീവനക്കാർക്കെതിരെ കർശന വകുപ്പുതല ശിക്ഷാനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (27)</u> | **ഗതാഗത വകുപ്പ്**<br><br>(24-9-2013-ലെ 3984/എ 2/2013/ ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>കെ.എസ്.ആർ.ടി.സി.-യുടെ എല്ലാത്തരം ബസുകളും രാത്രി 08.00 മണിക്ക് ശേഷവും രാവിലെ 06.00 മണിക്കുള്ളിലും യാത്രക്കാർ, പ്രത്യേകിച്ച് സ്ത്രീകൾ ആവശ്യപ്പെടുന്ന സ്ഥലത്ത് നിർത്തി അവരെ ഇറങ്ങുവാൻ അനുവദിക്കുന്നതിലേക്കായി നിർദ്ദേശം നല്കിയിട്ടുണ്ട്. രാത്രി 08.00 മണി എന്നത് വൈകുന്നേരം 06.30 മണിക്ക് ശേഷം എന്ന രീതിയിൽ മാറ്റുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടും സമയനഷ്ടവും ഉണ്ടാകുമെന്നതിനാലും കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധന ചെലവ് കൂടുമെന്നതിനാലും ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.<br><br>(18-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>(19-12-2013-ലെ 3992/ബി1/2013/ഗതാ. നമ്പർ പ്രകാരം ലഭ്യമാക്കിയത്) |

| 1 | 2 | 3 |
|---|---|---|
| | | 25, 26, 27 ഖണ്ഡികകളിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ യഥാക്രമം 89, 273, 149 എന്നീ ചട്ടങ്ങൾ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണെന്ന വിവരം അറിയിക്കുന്നു.<br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു)<br>(5-1-2015-ലെ 3992/ബി1/2013/ഗത. നമ്പർ പ്രകാരം ലഭ്യമാക്കിയത്)<br>25, 26, 27 എന്നീ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിനായി 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ 89, 273, 149 എന്നീ ചട്ടങ്ങൾ ഭേദഗതി ചെയ്ത് 4-11-2014-ലെ സ. ഉ. (അച്ചടി) 78/2014/ ഗതാ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(11-2-2015-ലെ യോഗത്തിൽ അംഗീകരിച്ചു). |
| 24 | മാനസികമായും ശാരീരികമായും സ്ത്രീശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് പെൺകുട്ടികൾക്ക് പ്രൈമറി സ്കൂൾ തലം മുതൽ ആയോധന കലകളായ തായ്ക്കോണ്ടൊ/ജൂഡോ/കരാട്ടെ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><u>ഖണ്ഡിക (28)</u> | **പൊതുവിദ്യാഭ്യാസവകുപ്പ്**<br>(17-10-2017-ലെ 749344/ഡി3/2016/-പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>ഇനി വരുന്ന പാഠ്യ പരിഷ്കരണവേളയിൽ ആയോധന കലകളായ തായ്കോണ്ടൊ/ ജൂഡോ/കരാട്ടെ/കളരി എന്നിവ പാഠ്യ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് |

| 1 | 2 | 3 |
|---|---|---|
| | **സമിതി ആവശ്യപ്പെട്ട അധിക വിവരം**<br>പാഠ്യപദ്ധതി പരിഷ്കരണവേളയിൽ അയോധനകലകളെ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് എസ്.സി.ഇ. ആർ.ടി. ഡയറക്ടർക്ക് നല്കിയ നിർദ്ദേശം നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം. | എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>(14-12-2017-ലെ യോഗത്തിൽ അധികവിവരം ആരാഞ്ഞു)<br>**പൊതുവിദ്യാഭ്യാസവകുപ്പ്**<br>അധിക വിവരം<br>(12-11-2018-ലെ ഡി3/61/2018/ പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>നിലവിലുള്ള ആരോഗ്യകായിക വിദ്യാഭ്യാസ പദ്ധതിയിൽ ആയോധനകലകളായ തായ്ക്കൊണ്ടോ, ജൂഡോ, റസലിംഗ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനി വരുന്ന കരിക്കുലം നവീകരണ സമയത്ത് മറ്റ് ആയോധനകലകളായ കളരി, കരാട്ടെ എന്നിവകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതായിരിക്കും.<br>(19-6-2018-ലെ യോഗത്തിൽ അംഗീകരിച്ചു). |
| 25 | സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വാഹനങ്ങളിൽ, പ്രത്യേകിച്ച് ഓട്ടോറിക്ഷാ/ടാക്സി/ബസ് എന്നിവയിൽ G.P.S. (Global Positioning System) സംവിധാനമുള്ള Micro Chip-കൾ ഘടിപ്പിച്ച് അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, വ്യാജ ടാക്സിപെർമിറ്റുകളും, ലൈസൻസുകളും | **ഗതാഗത വകുപ്പ്**<br>(24-9-2013-ലെ 3984/എ 2/2013/ ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>കെ.എസ്.ആർ.ടി.സി. ബസുകളിൽ G.P.S. (Global Positioning System) സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.<br>(18-12-2013-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>(19-12-2013-ലെ 3992/B1/2013/ഗത. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്) |

| 1 | 2 | 3 |
|---|---|---|
| | ഉപയോഗിച്ച് സർവ്വീസ് നടത്തുന്നത് തടയുന്നതിനായി ടാക്സി സ്റ്റാൻഡുകളിൽ വാഹനങ്ങളുടെ പരിശോധന കർശനമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (29) | ഓട്ടോറിക്ഷാ, ടാക്സി എന്നിവ മിക്കവാറും സ്വയം തൊഴിൽ കണ്ടെത്തുന്നവരുടെ മേഖലയാകയാൽ ജി.പി.എസ്. പോലുള്ള ധനച്ചെലവുള്ള കാര്യം എതിർപ്പിനിടയാക്കും എന്ന വസ്തുത കണക്കിലെടുത്തു കൊണ്ട് സമിതിയുടെ റിപ്പോർട്ടിലെ 29-ാം നമ്പർ ശിപാർശ നടപ്പിലാക്കുന്നതിനായി ചെന്നൈ സിറ്റിയിൽ നടപ്പിലാക്കിയ മാതൃകയിൽ തെരഞ്ഞെടുത്ത നഗരങ്ങളിൽ കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ ചെലവിൽ എല്ലാ ഓട്ടോറിക്ഷകളിലും, ടാക്സികളിലും ഘട്ടം ഘട്ടമായി ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു).<br><br>(5-1-2015-ലെ 3992/ബി1/2013/ഗത. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>സമിതിയുടെ റിപ്പോർട്ടിലെ 29-ാം ഖണ്ഡിക ശിപാർശ നടപ്പിലാക്കുന്നതിനായി, ചെന്നൈ സിറ്റിയിൽ നടപ്പിലാക്കിയ മാതൃകയിൽ തെരഞ്ഞെടുത്ത നഗരങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ചെലവിൽ എല്ലാ ഓട്ടോറിക്ഷകളിലും ടാക്സികളിലും ഘട്ടം ഘട്ടമായി ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന വിവരം 19-12-2013-ലെ 3992/ബി1/ 2013/ഗതാ. നമ്പർ കത്ത് പ്രകാരം |

| 1 | 2 | 3 |
|---|---|---|
| | | സമിതിയെ അറിയിച്ചിട്ടുണ്ട്. യാത്രാ ബസ്സുകളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. വ്യാജപെർമിറ്റുകളും ലൈസൻസുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്നത് തടയാൻ ടാക്സി സ്റ്റാന്റുകളിൽ കർശന പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണർക്ക് നല്കിയിട്ടുണ്ട് എന്ന വിവരവും അറിയിച്ചു കൊള്ളുന്നു.<br>(11-2-2015-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 26 | ട്രെയിൻ യാത്രക്കാർക്ക് ഇന്ത്യൻ റെയിൽവേ നേരുന്ന 'ശുഭയാത്രകൾ' പലതും വർത്തമാനകാലത്ത് 'അശുഭ യാത്രകളായി' മാറുന്നത് സംബന്ധിച്ച് നിരവധി പരാതികളും വാർത്തകളും ഉയരുന്നത് സമിതി ഗൗരവമായി കാണുന്നു. തീവണ്ടികളിൽ കവർച്ചക്കാരുടെയും, സാമൂഹ്യവിരുദ്ധരുടെയും ശല്യമേറിവരുന്നു. തീവണ്ടി യാത്രക്കാരുടെ പ്രത്യേകിച്ച് വനിതകളുടെ സുരക്ഷ ഉറപ്പാക്കുകയെന്നത് റെയിൽവേയുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ, റെയിൽവെ സുരക്ഷാസേനയിൽ മതിയായ സുരക്ഷാ സേനാംഗങ്ങളെ നിയമിക്കണമെന്നും, അവർ ജാഗ്രത പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, രാത്രികാലങ്ങളിൽ വനിതാ കമ്പാർട്ടുമെന്റുകളിൽ ആയുധമേന്തിയ വനിതാപോലീസിന്റെ സേവനം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് | **ഗതാഗത വകുപ്പ്**<br>(6-12-2013-ലെ 3862/ഡി2/2013/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>ആർ.പി.എഫ്.-ന്റെ എണ്ണം കൂട്ടാനുള്ള നിർദ്ദേശം റെയിൽവേയുടെ പരിഗണനയിലാണ്. യാത്രക്കാരുടെ സുരക്ഷ ഉറപ്പിക്കാനായി 102 സായുധ പോലീസുകാരെ ഉപയോഗിച്ച് 52 ട്രെയിനുകൾക്ക് എസ്കോർട്ട് നല്കുന്നുണ്ട്. രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണിവരെ ഓടുന്ന പാസഞ്ചർ ട്രെയിനുകളിൽ സ്ത്രീകളുടെ കമ്പാർട്ട്മെന്റിന് പ്രത്യേക ശ്രദ്ധ നല്കി ആർ.പി.എഫ്. എസ്കോർട്ട് നല്കുന്നുണ്ട്. പാസഞ്ചർ ട്രെയിനുകളിലെ ലേഡീസ് കോച്ചുകൾ എസ്കോർട്ട് ചെയ്യാനായി വനിതാ ആർ.പി.എഫ്. ഇൻസ്പെക്ടർമാരെയും റെയിൽവെ വിന്യസിക്കുന്നുണ്ട് എന്നും റെയിൽവെ അറിയിച്ചിട്ടുണ്ട്. കൂടാതെ വനിതാപോലീസുകാരെ രാത്രികാലങ്ങളിൽ |

| 1 | 2 | 3 |
|---|---|---|
| | എന്നുള്ളത് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>ഖണ്ഡിക (30) | ലാത്തി സഹിതം ഡ്യൂട്ടിക്ക് നിയമിക്കുന്നുണ്ട്. (30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>**ആഭ്യന്തര വകുപ്പ്**<br><br>(28-9-2017-ലെ 39888/കെ2/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>സമീപകാലത്ത് ട്രെയിനുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായി റെയിൽവെ പോലീസിന്റെ അംഗബലം വർദ്ധിപ്പിച്ചിട്ടില്ല. എങ്കിലും ലഭ്യമായ വനിതാ പോലീസുകാരെ ഉപയോഗിച്ച് രാത്രികാലങ്ങളിൽ ട്രെയിനുകളിൽ ലാത്തി സഹിതം ഡ്യൂട്ടിക്ക് നിയമിച്ച് വരുന്നുണ്ട്.<br><br>(27-12-2018-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 27 | റെയിൽവേയുടെ ക്രമീകരണങ്ങൾക്ക് പുറമെ സംസ്ഥാന സർക്കാരിന്റേതായ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കേരള പോലീസിന്റെ ഒരു സ്പെഷ്യൽ ടീമിനെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്കായി നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള പ്രഖ്യാപനം ഫലപ്രദമായി നടപ്പാക്കാൻ കഴിയണമെന്നും സമിതി അഭിപ്രായപ്പെട്ടു.<br><br>ഖണ്ഡിക (31) | **ഗതാഗത വകുപ്പ്**<br><br>(6-12-2013-ലെ 3862/ഡി2/2013/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>നിലവിൽ ട്രെയിനുകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരളാ പോലീസിന്റെ ഒരു വിഭാഗം ഗവൺമെന്റ് റയിൽവെ പോലീസ് എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് റെയിൽവെയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള റെയിൽവെ സംരക്ഷണ സേനയും പുറമെയാണ്. ഗവൺമെന്റ് റെയിൽവേ പോലീസ് ട്രെയിനുകളിലെ സുരക്ഷാ ഡ്യൂട്ടിയ്ക്കായി വനിതാ പോലീസ് ഉൾപ്പെടെയുള്ള പോലീസ് ടീമിനെ നിലവിൽ അയച്ചുവരുന്നുണ്ട്.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു). |

| 1 | 2 | 3 |
|---|---|---|
| | | **ആഭ്യന്തര വകുപ്പ്**<br>(28-9-2017-ലെ 39888/കെ2/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>നിലവിൽ ട്രെയിനുകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരളാ പോലീസിന്റെ ഒരു വിഭാഗം ഗവൺമെന്റ് റെയിൽവെ പോലീസ് എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് റെയിൽവെയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള റെയിൽവെ സുരക്ഷാ സേനയും പുറമെയാണ്. ഗവൺമെന്റ് റെയിൽവെ പോലീസ് ട്രെയിനുകളിലെ സുരക്ഷാ ഡ്യൂട്ടിയ്ക്കായി വനിതാ പോലീസ് ഉൾപ്പെടെയുള്ള പോലീസ് ടീമിനെ നിലവിൽ നിയോഗിച്ചുവരുന്നുണ്ട്.<br>(27-12-2018-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 28 | റെയിൽവെസ്റ്റേഷനുകളിലും ട്രെയിനുകളിലും ടിക്കറ്റില്ലാത്ത യാത്രക്കാരെയും അനധികൃത കച്ചവടക്കാരെയും കർശനമായി നിരോധിക്കേണ്ടതുണ്ട്. അനധികൃത കച്ചവടക്കാരും അംഗീകൃത കച്ചവടക്കാരും തമ്മിലുണ്ടാകുന്ന സംഘർഷങ്ങൾ പലപ്പോഴും തീവണ്ടിയിലെ ക്രമസമാധാനനില ഭംഗം വരുത്തുന്നതിന് കാരണമാകുന്നതായി സമിതിവിലയിരുത്തുന്നു. ആയതിനാൽ, റെയിൽവേയുടെ അംഗീകാരമുള്ള കച്ചവടക്കാർക്ക് യൂണിഫോം, | **ഗതാഗത വകുപ്പ്**<br>(6-12-2013-ലെ 3862/ഡി2/2013/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>ലൈസൻസുള്ളതും അംഗീകാരമുള്ളതുമായ എല്ലാ കച്ചവടക്കാരും ട്രെയിനുകളിലും റെയിൽവെ പരിസരത്തും തിരിച്ചറിയൽ കാർഡും യൂണിഫോമും ധരിക്കുന്നുണ്ട്. ട്രെയിനുകളിലും റെയിൽവെ പരിസരത്തും അനധികൃത വില്പന നടത്തുന്നവർക്കെതിരെ റെയിൽവെ നിയമം വകുപ്പ് 144 പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അത്തരത്തിൽ തിരുവനന്തപുരം |

| 1 | 2 | 3 |
|---|---|---|
| | നെയിംബോർഡ് എന്നിവ കർശനമാക്കണമെന്നും അനധികൃത കച്ചവടക്കാരെ കർശനമായി നിരോധിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു<br><br>ഖണ്ഡിക (32) | റെയിൽവെ ഡിവിഷനിൽ 2012-ൽ 3171 പേർക്കെതിരെ നടപടികൾ സ്വീകരിക്കുകയും 1095505 രൂപ പിഴയീടാക്കുകയും 2013 മാർച്ച് മാസം വരെ 971 പേർക്കെതിരെ നടപടികൾ സ്വീകരിക്കുകയും 1,68,800 രൂപ പിഴയീടാക്കുകയും ചെയ്തു. പ്ലാറ്റ് ഫോമുകളിലും ട്രെയിനുകളിലും കച്ചവടം നടത്തുന്നവർ നിർബന്ധമായും യൂണിഫോമും നെയിംപ്ലേറ്റും ധരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നല്കിയിട്ടുള്ളതും അനധികൃത കച്ചവടക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 29 | ട്രെയിനിലെ യാചകർ സ്ത്രീകളുടെ സുരക്ഷയ്ക്ക് പ്രധാന ഭീഷണി ഉയർത്തുന്നുണ്ട്. കുട്ടികളടങ്ങുന്ന സംഘങ്ങളെ ട്രെയിനുകളിലും, റെയിൽവെ സ്റ്റേഷനുകളിലും ഭിക്ഷയെടുക്കാനയച്ച് പണം സമ്പാദിക്കുന്ന 'ഭിക്ഷാടന മാഫിയകൾ' പ്രവർത്തിക്കുന്നത് തടയേണ്ടത് അനിവാര്യമാണ്. ആയതിനാൽ ട്രെയിനുകളിൽ യാചകരെ കർശനമായി നിരോധിക്കണമെന്നും, ഭിക്ഷാടനം നടത്തുന്ന കുട്ടികളെ പുനരധിവസിപ്പിക്കാൻ വേണ്ട കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (33) | **ഗതാഗത വകുപ്പ്**<br><br>(6-12-2013-ലെ 3862/ഡി2/2013/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>ഭിക്ഷാടനം റെയിൽവെ നിയമം 144-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. ബാലഭിക്ഷാടകരെ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം ആർ.പി.എഫ്. രക്ഷപ്പെടുത്തി സംരക്ഷണത്തിനായി ചൈൽഡ് ലൈൻ/മറ്റ് എൻ.ജി.ഒ.-കൾക്ക് കൈമാറുന്നുണ്ട്. ട്രെയിനുകളിൽ നിന്നും പ്ലാറ്റ് ഫോമുകളിൽ നിന്നും യാചകശല്യം പരമാവധി ഒഴിവാക്കുവാൻ അത്തരത്തിലുള്ളവരെ അടുത്തുള്ള പുനരധിവാസ കേന്ദ്രത്തിലെത്തിക്കുവാനും നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു.) |

| 1 | 2 | 3 |
|---|---|---|
| 30 | സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന റെയിൽവേ ഉദ്യോഗസ്ഥർക്കെതിരെ യഥാസമയം കർശന നടപടികൾ സ്വീകരിക്കണമെന്നും, കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കണ്ടെത്താൻ കഴിയുന്നവിധത്തിൽ തീവണ്ടിയുടെ കവാടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (34)</u> | **ഗതാഗത വകുപ്പ്**<br><br>(6-12-2013-ലെ 3862/ഡി2/2013/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>വനിതകളോട് അപമര്യാദയായി പെരുമാറുന്ന റെയിൽവെ ഉദ്യോഗസ്ഥരെയും മറ്റുള്ളവരെയും ഒരേപോലെ കണക്കാക്കി ഐ.പി.സി. റെയിൽവെ നിയമം കേരള പോലീസ് ആക്റ്റ് എന്നിവ പ്രകാരം നടപടികൾ എടുത്തുവരുന്നു. സുരക്ഷയുമായി ബന്ധപ്പെട്ട് യാത്രക്കാരുടെ ആവശ്യങ്ങൾക്കനുസൃതമായി വേണ്ടുന്ന സഹായം ലഭ്യമാക്കാൻ 09995040000 എന്ന RPF Help Line നമ്പരും 9846200100 എന്ന Rail Alert നമ്പരും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. പൊതുജനത്തിന്റെ അറിവിലേക്കായി ഈ നമ്പരുകൾ ട്രെയിനുകളുടെ ഉള്ളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കേരള പോലീസുമായി സഹകരിച്ച് ട്രെയിനിൽ കോച്ചുകളുടെ വാതിലുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് യോജിച്ച സ്പോൺസർമാരെ കണ്ടെത്തുന്ന കാര്യം റെയിൽവെ പരിഗണിച്ചുവരുന്നു.<br><br>(30-4-2014-ലെ യോഗത്തിൽ അംഗീകരിച്ചു).<br><br>**ഗതാഗത വകുപ്പ്**<br><br>(26-6-2019-ലെ ഡി2/399/2018/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്) |

| 1 | 2 | 3 |
|---|---|---|
| | | ശിപാർശയിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ചെയർമാൻ, റെയിൽവെ ബോർഡ്, ജനറൽ മാനേജർ, സതേൺ റെയിൽ, ചെന്നൈ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(20-8-2019-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 31 | പ്രതികൾ അനായാസേന ജാമ്യം നേടുന്നതും കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നതും അതീവഗൗരവമായി കാണേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വനിതാ അഭിഭാഷകർ ഉൾപ്പെടെ പ്രതിബദ്ധതയും, പ്രാപ്തിയുമുള്ള സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ സ്ത്രീ പീഡനക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><u>ഖണ്ഡിക (36)</u> | **ആഭ്യന്തര വകുപ്പ്**<br>(27-9-2019-ലെ 36455/സി5/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.)<br>വനിതാ അഭിഭാഷകർ ഉൾപ്പെടെ പ്രതിബദ്ധതയും പ്രാപ്തിയുമുള്ളവരെ പീഡനത്തിന് ഇരയായവരുടെ കൂടി അഭിപ്രായങ്ങൾക്ക് മുൻതൂക്കം നല്കിക്കൊണ്ട് സ്പെഷ്യൽ പ്രോസിക്യൂട്ടർമാരായി നിയമിച്ചു വരുന്നുണ്ട്.<br>(10-12-2019-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 32 | ഡൽഹി പെൺകുട്ടി പീഡനത്തിനിരയായ സംഭവത്തിലെ പ്രതികളിലൊരാൾക്ക് സ്കൂൾ രേഖകൾപ്രകാരം 17 വയസ് മാത്രം പ്രായമേ ആയിട്ടുള്ളൂ. ഇത്തരത്തിൽ വളരെ ക്രൂരമായി സ്ത്രീയെ പീഡിപ്പിക്കാൻ പ്രായപൂർത്തി ആയിട്ടില്ലായെന്ന കാരണത്താൽ നിയമത്തിന്റെ ആനുകൂല്യങ്ങൾ പിടിച്ചുപറ്റി ശിക്ഷയിൽ നിന്നും ഇളവുനേടുന്നത് തടയേണ്ടത് അനിവാര്യമാണ്. ആയതിനാൽ | **സാമൂഹ്യനീതി വകുപ്പ്**<br>(24-9-2013-ലെ 3508/ബി3/2013/ സാ.നീ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>സ്ത്രീപീഡനകേസുകളിൽ ഉൾപ്പെടുന്ന പ്രതികളെ പ്രായം പരിഗണിക്കാതെ ഇവർ ചെയ്യുന്ന കുറ്റകൃത്യത്തിന്റെ വ്യാപ്തിയും ഗൗരവും പരിഗണിച്ച് പരമാവധി ശിക്ഷ ഉറപ്പാക്കുന്ന ജുവനൈൽ ജസ്റ്റിസ് (കെയർ & പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൺ) ആക്റ്റ് നിയമ ഭേദഗതി വരുത്തേണ്ടത് |

| 1 | 2 | 3 |
| --- | --- | --- |
| | ഇത്തരം സ്ത്രീപീഡന കേസുകളിൽ ഉൾപ്പെടുന്ന പ്രതികളെ പ്രായം പരിഗണിക്കാതെ ഇവർ ചെയ്യുന്ന കുറ്റകൃത്യത്തിന്റെ വ്യാപ്തിയും ഗൗരവും പരിഗണിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നവിധം നിയമ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>ഖണ്ഡിക(37) | കേന്ദ്രസർക്കാരാണ്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയില്ല.<br>(30-10-2013-ലെ യോഗത്തിൽ അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടു.) |
| 33 | സ്ത്രീപീഡനക്കേസുകൾ ഗൗരവമായി കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിൽ നിയമഭേദഗതി കൊണ്ടു വരുന്നതിനും, ശിക്ഷാനടപടികൾ തീവ്രമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു റിട്ടയേർഡ് വനിതാ ജഡ്ജി, ജില്ലാ ജഡ്ജി, സാമൂഹ്യപ്രവർത്തകർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>ഖണ്ഡിക (38) | **വനിതാശിശു വികസന വകുപ്പ്**<br>(25-1-2022-ലെ ബി3/77/2021-വ.ശി.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>ഡൽഹിയിൽ പെൺകുട്ടി പീഡനത്തിനിരയായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ 2000-ലെ ബാലനീതി നിയമം റദ്ദാക്കപ്പെടുകയും 2015-ൽ പുതിയ ബാലനീതി നിയമം നിലവിൽ വരുകയും ചെയ്തു. ഇതിൻ പ്രകാരം 16-18 നും ഇടയിൽ പ്രായമുള്ള ഒരു കുട്ടി ഹീനമായ കുറ്റകൃത്യം ചെയ്യാൻ ഇടയായാൽ കുട്ടിയുടെ മാനസിക ശാരീരിക ശേഷി സംബന്ധിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രാഥമിക വിലയിരുത്തൽ നടത്തിയശേഷം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ മുതിർന്ന വ്യക്തിയ്ക്ക് സമാനമായി വിചാരണ നടത്താൻ ഉത്തരവിടാവുന്നതും അതിൻപ്രകാരം നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |

| 1 | 2 | 3 |
|---|---|---|
| | | കൂടാതെ 2013-ൽ ക്രിമിനൽ നിയമ ഭേദഗതി നിലവിൽ വരുകയും സ്ത്രീകൾക്കെതിരെയുള്ള കൂടുതൽ കുറ്റകൃത്യങ്ങളെ ഇതിൻ കീഴിൽ ഉൾപ്പെടുത്തുകയും ചെയ്തു. മേൽപ്പറഞ്ഞ നിയമ പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ 38-ാമത്തെ ഖണ്ഡികയിൽ പറയുന്ന പ്രകാരം പ്രത്യേക കമ്മിറ്റിയെ നിയമിക്കേണ്ട സാഹചര്യവും കൂടുതൽ നിയമഭേദഗതികൾ വരുത്തേണ്ട സാഹചര്യവും നിലവിലില്ല എന്ന വിവരവും അറിയിക്കുന്നു.<br>(30-3-2022-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 34 | സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും, അന്തസ്സും സ്വകാര്യതയും മാന്യമായി കാണാൻ കഴിയുന്നതിനും വേണ്ടിയുള്ള നവീന നിർദ്ദേശങ്ങൾ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നിയമഭേദഗതികൾ അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>ഖണ്ഡിക (39) | **ആഭ്യന്തര വകുപ്പ്**<br>(19-10-2015-ലെ 58690/ജ3/2013/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണബിൽ ബിൽ നമ്പർ 183 ആയി 14-2-2013 തീയതി നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. ബിൽ ഇപ്പോൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണ്.<br>(6-1-2016-ലെ യോഗത്തിൽ അംഗീകരിച്ചു.)<br>**വനിതാശിശു വികസന വകുപ്പ്**<br>(25-1-2022-ലെ ബി3/77/2021-വ.ശി.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br>ഡൽഹിയിൽ പെൺകുട്ടി പീഡനത്തിനിരയായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ 2000-ലെ ബാലനീതി നിയമം റദ്ദാക്കപ്പെടുകയും 2015-ൽ പുതിയ |

| 1 | 2 | 3 |
|---|---|---|
| | | ബാലനീതി നിയമം നിലവിൽ വരുകയും ചെയ്തു. ഇതിൻപ്രകാരം 16-18-നും ഇടയിൽ പ്രായമുള്ള ഒരു കുട്ടി ഹീനമായ കുറ്റകൃത്യം ചെയ്യാൻ ഇടയായാൽ കുട്ടിയുടെ മാനസിക ശാരീരികശേഷി സംബന്ധിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രാഥമിക വിലയിരുത്തൽ നടത്തിയശേഷം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ മുതിർന്ന വ്യക്തിയ്ക്ക് സമാനമായി വിചാരണ നടത്താൻ ഉത്തരവിടാവുന്നതും അതിൻപ്രകാരം നടപടികൾ സ്വീകരിക്കാവുന്നതുമാണ്.<br><br>കൂടാതെ 2013-ൽ ക്രിമിനൽ നിയമ ഭേദഗതി നിലവിൽ വരുകയും സ്ത്രീകൾക്കെതിരെയുള്ള കൂടുതൽ കുറ്റകൃത്യങ്ങളെ ഇതിൻ കീഴിൽ ഉൾപ്പെടുത്തുകയും ചെയ്തു. മേൽപ്പറഞ്ഞ നിയമ പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ 38-ാമത്തെ ഖണ്ഡികയിൽ പറയുന്നപ്രകാരം പ്രത്യേക കമ്മിറ്റിയെ നിയമിക്കേണ്ട സാഹചര്യവും കൂടുതൽ നിയമ ഭേദഗതികൾ വരുത്തേണ്ട സാഹചര്യവും നിലവിലില്ല എന്ന വിവരവും അറിയിക്കുന്നു.<br><br>(30-3-2022-ലെ യോഗത്തിൽ അംഗീകരിച്ചു.) |

ഭാഗം II

## സമിതിയുടെ ശിപാർശ, സർക്കാർ ലഭ്യമാക്കിയ മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, ആയതിന്മേലുള്ള സമിതിയുടെ തുടർ ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | മറ്റു കേസുകളോടൊപ്പം പരിഗണിക്കുന്നതിനാൽ ഗാർഹിക പീഡന ക്കേസുകൾക്ക് കോടതികളുടെ ഗൗരവമായ പരിഗണന ലഭിക്കാറില്ല. ആയതിനാൽ ഗാർഹിക പീഡന കേസുകൾ ഉൾപ്പെടെ സ്ത്രീകൾക്കെതിരെയുള്ള എല്ലാ കേസുകളും പ്രത്യേകമായി പരിഗണിച്ച് കാലതാമസം കൂടാതെ തീർപ്പ് കല്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അതിവേഗ കോടതികൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക (5) | **ആഭ്യന്തര വകുപ്പ്**<br><br>(27-9-2019-ലെ 36455/സി5/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br><br>ഗാർഹിക പീഡനക്കേസുകൾ ഉൾപ്പെടെ സ്ത്രീകൾക്കെതിരെയുള്ള എല്ലാ കേസുകളും പ്രത്യേകമായി പരിഗണിച്ച് കാലതാമസം കൂടാതെ തീർപ്പ് കല്പിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. നാഷണൽ മിഷൻ ഫോർ സേഫ്റ്റി ഓഫ് വിമൻ (NMSW) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലകളിൽ അതിവേഗ കോടതികൾ സ്ഥാപിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിൽ ഹൈക്കോടതിയുമായി കൂടിയാലോചിച്ച് മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>(10-12-2019-ലെ യോഗത്തിൽ അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടു)<br><br>(21-10-2021-ലെ സി5/36455/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്.) |

| 1 | 2 | 3 |
|---|---|---|
| | | ഗാർഹിക പീഡനക്കേസുകൾ ഉൾപ്പെടെ സ്ത്രീകൾക്കെതിരെയുള്ള എല്ലാ കേസുകളും പ്രത്യേകമായി പരിഗണിച്ച്,കാലതാമസം കൂടാതെ തീർപ്പുകല്പിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 അഡീഷണൽ ഡിസ്ട്രിക്ട് സെക്ഷൻസ് കോടതികൾ സ്ഥാപിച്ചിട്ടുണ്ട്.നാഷണൽ മിഷൻ ഫോർ സേഫ്റ്റി ഓഫ് വിമൻ (NMSW) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലകളിൽ അതിവേഗ കോടതികൾ സ്ഥാപിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിൽ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളും പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതുമായ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 56 ഫാസ്റ്റ് ട്രാക്ക് കോടതികൾ അനുവദിച്ചിരുന്നു. ഇതിൽ 14 കോടതികൾ പോക്സോ കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി മാത്രമുള്ള താണ്. ആദ്യഘട്ടമായി 28 FTSC-കൾ സംസ്ഥാനത്ത് 14 ജില്ലകളിലായി G.O.(Ms) No.93/2020/ Home, dated 24-4-2020, G.O.(Ms.) No.125/2020/ Home, dated 12-6-2020, പ്രകാരം സർക്കാർ അനുവദിക്കുകയും ടി കോടതികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ കോടതികളുടെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ്/ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ |

| 1 | 2 | 3 |
|---|---|---|
| | | എന്നിവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 മുതൽ 2 വർഷത്തേക്ക് താല്ക്കാലികമായി ആരംഭിച്ച ഈ കോടതികളുടെ പ്രവർത്തനം 2023 വർഷത്തേക്ക് കൂടി കേന്ദ്രസർക്കാർ നീട്ടിയിട്ടുണ്ട്. 9-9-2021-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ബന്ധപ്പെട്ടവരുടെ യോഗത്തിൽ 2021 നവംബർ 1-നകം ബാക്കി വരുന്ന 28 അതിവേഗ പ്രത്യേക കോടതികൾ കൂടി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.<br>(30-3-2022-ലെ യോഗത്തിൽ അധിക വിവരം ആരാഞ്ഞു) |
| | **സമിതി ആവശ്യപ്പെട്ട അധിക വിവരം**<br>റിപ്പോർട്ടിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി, വനിതാ പോലീസ്സ്റ്റേഷനുകളിൽ നിന്നുൾപ്പെടെ സ്ത്രീകൾക്ക് വളരെ മോശമായ പെരുമാറ്റമാണ് നേരിടേണ്ടി വരുന്നതെന്നും സ്ത്രീകൾക്ക് നീതി ലഭിക്കണമെന്നുള്ള ഗവൺമെന്റ് തീരുമാനം പലപ്പോഴും കടലാസ്സിൽ ഒതുങ്ങിപ്പോവുന്നുവെന്നും വിലയിരുത്തുകയുണ്ടായി. ആയതിനാൽ ജില്ലാ അടിസ്ഥാനത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള വനിതാ പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദത്തിന് എന്തൊക്കെ സേവനങ്ങളാണ് | |

| 1 | 2 | 3 |
|---|---|---|
| | ലഭിക്കുന്നതെന്നും, പോലീസ് സ്റ്റേഷനുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ടോയെന്നും ഏത് വർഷം വരെയുള്ള പോക്സോ, സ്ത്രീപീഡന കേസുകളിൽ വിചാരണ ആരംഭിച്ചിട്ടുണ്ടെന്നും, ഏതൊക്കെ സ്ഥലങ്ങളിൽ അതിവേഗ കോടതികൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തൊക്കെയാണെന്നും വനിതകളോടും കുട്ടികളോടും മോശമായി പെരുമാറുന്നതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സമിതി ശിപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തത വരുത്തണമെന്നും ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടുന്നതിനും സമിതി നിർദ്ദേശിച്ചു. | |
| 2 | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് വിംഗ് രൂപീകരിച്ചതുപോലെ, സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി പ്രാദേശിക തലത്തിലുള്ള കുടുംബശ്രീ ഉൾപ്പെടെയുള്ള വിവിധ സന്നദ്ധ സംഘടനകളിൽ | **ആഭ്യന്തര വകുപ്പ്**<br>(20-5-2020-ലെ ജെ3/327/2018/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട്)<br>സ്ത്രീ കർമ്മസേന രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് |

| 1 | 2 | 3 |
|---|---|---|
| | നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകൾക്ക് പരിശീലനവും യൂണിഫോമും നല്കി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുത്തി ഒരു സ്ക്വാഡ് (സ്ത്രീകർമ്മസേന) രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (18)</u> | മുതിർന്ന വനിതാ പോലീസ് ഉദ്യോഗസ്ഥയായ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ട്രെയിനിംഗ്)-നെ സംസ്ഥാന പോലീസ് മേധാവി ചുമതലപ്പെടുത്തുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് എ.ഡി.ജി.പി. ഡോ.ബി. സന്ധ്യ ഐ.പി.എസ്, റെയിൽവേ എസ്.പി. ശ്രീമതി മെറിൻ ജോസഫ് ഐ.പി.എസ്., വനിതാ സെൽ എസ്.പി. ശ്രീമതി ചൈത്ര തെരേസ ജോൺ ഐ.പി.എസ്., വനിതാ കമ്മീഷൻ എസ്.പി. ശ്രീ. കുര്യാക്കോസ് ഐ.പി.എസ്. എന്നിവർ ഉൾപ്പെട്ട കമ്മിറ്റി സ്ത്രീ കർമ്മസേന നടപ്പിൽ വരുത്തുന്നതിനായി തയ്യാറാക്കിയ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>1. സ്ത്രീകൾക്കെതിരായ അതിക്രമം തടയുന്നതിനും, സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുമായി വിവിധ സന്നദ്ധ സംഘടനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകൾക്ക് പരിശീലനവും യൂണിഫോമും നല്കി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുത്തി സ്ത്രീ കർമ്മസേന (നിർഭയ) എന്ന പേരിൽ ഒരു സ്ക്വാഡ് ഉണ്ടാക്കുന്നത് വളരെ പ്രയോജനകരമാണ്.<br><br>2. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി നിലവിലുള്ള നിർഭയ എന്ന പദ്ധതിയെ പോലീസ് സ്റ്റേഷൻ പരിധിവരെ വിപുലമാക്കി സ്ത്രീ കർമ്മസേന (നിർഭയ) എന്ന പേരിൽ നടപ്പിലാക്കാവുന്നതാണ്.<br><br>3. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ കേരളാ പോലീസിന്റെ സ്വയം പ്രതിരോധ പരിശീലനം ലഭിച്ചവരോ സമൂഹത്തിൽ സ്ത്രീകൾക്ക് വേണ്ടി പ്രവർത്തിക്കാൻ ആത്മവിശ്വാസം ഉള്ളവരോ ആണെങ്കിൽ അഭികാമ്യമായിരിക്കും. |

| 1 | 2 | 3 |
|---|---|---|
| | | 4. സ്ക്വാഡിലെ അംഗങ്ങളുടെ സേവനം പരമാവധി ലഭ്യമാക്കുന്നതിനു വേണ്ടി അവരിൽ മറ്റു വരുമാനം ഇല്ലാത്തവർക്ക് ഓണറേറിയം നല്കുന്നത് ഉചിതമായിരിക്കും.<br><br>5. ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ ഉള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓരോ വാർഡിനും ഒന്ന് അല്ലെങ്കിൽ രണ്ട് എന്ന രീതിയിൽ എല്ലാ വാർഡിനും പ്രാതിനിധ്യം വരത്തക്ക വിധത്തിൽ വേണം സ്ക്വാഡിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.<br><br>6. ഒരു സ്റ്റേഷൻ പരിധിയിൽ രൂപീകരിക്കുന്ന സ്ത്രീ കർമ്മ സേനയുടെ കൺവീനർ ആ സ്റ്റേഷൻ ഹൗസ് ഓഫീസറായിരിക്കുന്നതാണ്.<br><br>7. സ്റ്റേഷൻ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വനിതാ അംഗങ്ങളെയും ആശാ വർക്കർമാരെയും സ്ക്വാഡിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളായി ജീവനക്കാർ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് വനിതാ തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ, കോളേജ്, പാരലൽ കോളേജ് വിദ്യാർത്ഥിനികൾ, റസിഡന്റ്സ് അസോസിയേഷനുകളിലെ വനിതാ അംഗങ്ങൾ എന്നിവരുടെ സേവനം കൂടി പ്രയോജന പ്പെടുത്താവുന്നതുമാണ്.<br><br>8. പോലീസ് സ്റ്റേഷൻ കേന്ദ്രീകൃതമായിട്ടും എല്ലാ തദ്ദേശസ്വയംഭരണ വാർഡുകളിലും വികേന്ദ്രീകൃതമായിട്ടുമായിരിക്കണം സ്ത്രീ കർമ്മസേന പ്രവർത്തിക്കേണ്ടത്.<br><br>9. വാർഡുകളിലെ പ്രവർത്തനം ഏകോപിപ്പി ക്കേണ്ടതിന് ടി വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ത്രീ കർമ്മസേന |

| 1 | 2 | 3 |
|---|---|---|
| | | അംഗങ്ങളും ചുമതലപ്പെടുത്തിയിട്ടുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരും ചേർന്ന് ആയിരിക്കണം പ്രവർത്തിക്കേണ്ടത്.<br><br>10. വാർഡുതലത്തിലുള്ള സ്ത്രീ കർമ്മസേന ആ വാർഡിലുള്ള എല്ലാ വനിതാ അംഗങ്ങളുമായും നിരന്തര സമ്പർക്കം പുലർത്തേണ്ടതും ജനമൈത്രി ബീറ്റ് ഓഫീസർമാരുടെ പ്രവർത്തനങ്ങളിൽ സഹകരിക്കേണ്ടതും വാർഡുതലത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾക്കെല്ലാം ആശാ വർക്കർ, അംഗൻവാടി ജീവനക്കാർ എന്നിവരുടെ സഹകരണം ഉറപ്പു വരുത്തേണ്ടതാണ്.<br><br>11. പോലീസ് സ്റ്റേഷൻ തലത്തിലുള്ള സ്ത്രീ കർമ്മസേന വനിതകൾക്കായി ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, സ്വയം പ്രതിരോധ പരിശീലന പരിപാടികൾ കൗൺസിലിംഗ് എന്നിവ സംഘടിപ്പിക്കാവുന്നതാണ്.<br><br>12. ചൂഷണത്തിനും, പീഡനത്തിനും ഇരയാകുന്ന സ്ത്രീകൾക്ക് വേണ്ട സഹായം നല്കാൻ പോലീസിനെ സഹായിക്കാവുന്നതാണ്.<br><br>13. പ്രത്യേക പരിശീലനവും, യൂണിഫോമും, ഓണറേറിയവും നല്കുന്നതിലൂടെ നിലവിൽ ഹോം ഗാർഡ്സ് പ്രവർത്തിക്കുന്നതുപോലെ പോലീസുമായി സഹകരിച്ചു പ്രവർത്തിക്കാൻ സ്ത്രീകർമ്മ സേനയ്ക്ക് കഴിയുന്നതാണ്. |

| 1 | 2 | 3 |
|---|---|---|
| | | 14. എ.ഡി.ജി.പി. ട്രെയിനിംഗ്/ എസ്.പി. റെയിൽവെ എന്നിവരുടെ മേൽനോട്ടത്തിൽ വനിതാ സെൽ എസ്.പിയെ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള സംസ്ഥാന നോഡൽ ഓഫീസറായി നിയമിക്കാവുന്നതും എസ്.പി.വനിതാ സെല്ലിന് പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി മറ്റു അംഗങ്ങളെ ചേർക്കാവുന്നതുമാണ്.<br><br>15. നിർഭയ പദ്ധതിയുമായി ബന്ധപ്പെട്ടു നിർഭയ വോളന്റിയർമാർക്ക് പരിശീലനം മുമ്പ് തന്നെ പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ച് നല്കിയിട്ടുള്ളതിനാൽ അവരുടെ സേവനം ഇതിനു വേണ്ടി പ്രയോജനപ്പെടുത്താവുന്നതും കഴിയുന്നതും അങ്ങനെ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് തന്നെ ഈ വിഷയത്തിൽ ഒരു ടി.ഒ.ടി. (TOT) പരിശീലനം പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ച് എസ്.പി. വനിതാ സെല്ലിന്റെ നേതൃത്വത്തിൽ നല്കാവുന്നതുമാണ്.<br><br>16. നിലവിൽ നിർഭയ പദ്ധതിയിൽ ഉപയോഗിക്കുന്ന നിർദ്ദേശങ്ങൾ തന്നെ സ്ത്രീ കർമ്മസേനയ്ക്കും ഉപയോഗിക്കുന്നത് ഉചിതമായിരിക്കും.<br><br>17. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിനും അതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും വേണ്ടി ഓരോ ജില്ലയിലും ഡി.വൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെയും വനിതാ |

| 1 | 2 | 3 |
|---|---|---|
| | | സെല്ലിൽ വനിതാ സെൽ ഇൻസ്പെക്ടറെയും യഥാക്രമം നോഡൽ ഓഫീസർമാരായും അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായും നിയമിക്കാവുന്നതാണ്.<br><br>18. സ്ത്രീകർമ്മസേനയിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് മതിയായ പരിശീലനം ആവശ്യമാണ്. പ്രസ്തുത പരിശീലനം എല്ലാ ജില്ലാ പരിശീലനകേന്ദ്രങ്ങളിലും, പോലീസ് ട്രെയിനിംഗ് കോളേജിലും നടത്താവുന്നതാണ്.<br><br>19. പ്രസ്തുത പരിശീലനത്തിന്റെ നടത്തിപ്പിനായി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, പോലീസ് ട്രെയിനിംഗ് കോളേജിനും മൂന്ന് ലക്ഷം രൂപ വീതം നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br><br>കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ് പോലീസ് വിംഗ് രൂപീകരിച്ചത് പോലെ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തി സ്ത്രീകർമ്മസേന എന്ന പദ്ധതി രൂപീകരിക്കാവുന്നതാണെന്നും സ്ത്രീകർമ്മസേനയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ക്രിമിനോളജിയിലോ, ഫോറൻസിക് സയൻസിലോ, ആയോധന കലകളിലോ യോഗ്യതയുള്ളവരോ, സ്വയം പ്രതിരോധ പരിശീലനം ലഭിച്ചവരോ ആണെങ്കിൽ അഭികാമ്യമായിരിക്കുമെന്നും, സ്ക്വാഡിലെ |

| 1 | 2 | 3 |
|---|---|---|
| | <u>**ഖണ്ഡിക 18-മേൽ അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടു.**</u> | അംഗങ്ങളുടെ സേവനം പരമാവധി ലഭ്യമാക്കുന്നതിനായി അവർക്ക് ഓണറേറിയം നല്കുന്നതും ഉചിതമായിരിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>(6-11-2020-ലെ യോഗത്തിൽ പരിഗണിച്ചു.) |
| 3 | ബുദ്ധിമാന്ദ്യം, ബധിരത മുതലായ അംഗവൈകല്യങ്ങൾ ഉള്ളവരും പീഡനത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ലായെന്നുള്ള സാമൂഹ്യ പ്രശ്നം ഗൗരവതരമാണ്. ഇത്തരക്കാരുടെ വിവാഹജീവിതം ഉൾപ്പെടെ ഭാവിജീവിതം ഇരുളടയുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഇത്തരം ദുസ്സഹമായ അവസ്ഥയിൽ അനുഭാവപൂർണ്ണമായ സമീപനമോ, പിന്തുണയോ, ബന്ധുക്കളിൽ നിന്നോ, സമൂഹത്തിൽ നിന്നോ ഇവർക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ പീഡിതരുടെയും ആവശ്യമെങ്കിൽ അവരുടെ കുടുംബത്തിന്റേയും പുനരധിവാസം ഏറ്റെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും, ഇത്തരക്കാരെ സാധാരണ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുവാനുള്ള കൗൺസിലിംഗ്/ ബോധവല്ക്കരണ ക്ലാസുകൾ, പ്രത്യേക | **വനിതാ ശിശു - വികസന വകുപ്പ്**<br>(11-4-2019-ലെ 23204/ഡി.എ 3/2013/ തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>പീഡനത്തിരയാകുന്ന കുട്ടികൾക്ക് കൗൺസിലിംഗ്/ബോധവത്കരണ ക്ലാസുകൾ മുതലായ കർമ്മ പരിപാടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൺവീനറായുള്ള ജാഗ്രതാ സമിതികൾ മുഖേനയും അംഗൻവാടി ടീച്ചർമാർ ആശാവർക്കർമാർ മുഖേനയും നല്കാവുന്നതാണ്. നിലവിൽ പീഡനത്തിനിരയാകുന്ന കുട്ടികളുടെ പുനരധിവാസ നടപടികൾ സാമൂഹ്യനീതി വകുപ്പ് മുഖേനയാണ് നടത്തിവരുന്നതെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.<br>[19-6-2019-ലെ യോഗത്തിൽ പരിഗണിക്കുകയും സാമൂഹ്യനീതി വകുപ്പിൽ (നിലവിൽ വനിതാ ശിശു - വികസന വകുപ്പ്) നിന്നും അധികവിവരവും ആരാഞ്ഞു.] |

| 1 | 2 | 3 |
|---|---|---|
| | കർമ്മപരിപാടികൾ എന്നിവ നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>ഖണ്ഡിക(19)<br><br>**സമിതി ആരാഞ്ഞ അധികവിവരം**<br><br>പീഡനത്തിനിരയാകുന്ന കുട്ടികൾക്കും, ആവശ്യമെങ്കിൽ അവരുടെ കുടുംബാംഗങ്ങൾക്കും, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗനവാടി ടീച്ചർമാർ, ആശാ വർക്കർമാർ എന്നിവർ മുഖേന കൗൺസിലിംഗ് നല്കുന്നതിനുപകരം പരിശീലനം ലഭിച്ച കൗൺസിലർമാരെക്കൊണ്ട് കൗൺസിലിംഗ് നല്കണമെന്നും ഇതിനായി പരിശീലനം സിദ്ധിച്ച കൗൺസിലേഴ്സിനെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ റിസോഴ്സ് പൂളുകൾ രൂപീകരിക്കണമെന്നും, സ്ത്രീകളുടെ അവകാശങ്ങൾ, സ്ത്രീ സുരക്ഷയ്ക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്നിവയെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്താമെന്നും, പീഡനത്തിരയാകുന്ന കുട്ടികളുടെ പുനരധിവാസ നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് നല്കണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് (നിലവിൽ വനിതാ ശിശു-വികസന വകുപ്പ്) ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു. | |

| 1 | 2 | 3 |
|---|---|---|
| 4 | സ്ത്രീപീഡനം എന്ന സാമൂഹ്യ വിപത്തിനെ പൂർണ്ണമായും ഒഴിവാക്കുന്നതിനായി, അപാകതകളും, അപര്യാപ്തതകളും പരിഹരിച്ച് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമാക്കേണ്ടതുണ്ട്. സ്ത്രീപീഡനക്കേസുകളുടെ വിചാരണ സമയ ബന്ധിതമായി പൂർത്തീകരിച്ച് തീർപ്പാക്കുന്നതിനും, പ്രതികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുന്നതിനുമാവശ്യമായ നിയമ ഭേദഗതി കൊണ്ടുവരേണ്ടത് അനിവാര്യമാണ്. അതിനായി അതിവേഗ കോടതികൾ സ്ഥാപിച്ച് കെട്ടിക്കിടക്കുന്ന കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>ഖണ്ഡിക (35)</u> | **ആഭ്യന്തര വകുപ്പ്**<br>(27-9-2019-ലെ 36455/സി5/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)<br><br>സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങളും ലൈംഗികപീഡന കേസുകളും വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിലേയ്ക്കായി സർക്കാർ 3 അഡീഷണൽ ഡിസ്ട്രിക്റ്റ് & സെക്ഷൻ കോടതികൾ തിരുവനന്തപുര<u>ത്തും</u>, എറണാകുള<u>ത്തും</u>, കോഴിക്കോടുമായി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കോടതികളിൽ കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അതിവേഗ കോടതികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച വിഷയത്തിൽ ഹൈക്കോടതിയുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(10-12-2019-ലെ യോഗത്തിൽ അന്തിമ റിപ്പോർട്ട് ആരാഞ്ഞു.)<br><br>(21-10-2021-ലെ സി5/36455/2013/ ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).<br><br>സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങളും ലൈംഗിക പീഡനക്കേസുകളും വേഗത്തിൽ തീർപ്പു കല്പിക്കുന്നതിലേക്കായി സർക്കാർ 3 അഡീഷണൽ ഡിസ്ട്രിക്ട് & സെക്ഷൻസ് കോടതികൾ തിരുവനന്തപുര<u>ത്തും</u> എറണാകുള<u>ത്തും</u> കോഴിക്കോടുമായി |

| 1 | 2 | 3 |
|---|---|---|
| | | രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കോടതികളിൽ കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തിന് അനുവദിച്ച 56 ഫാസ്റ്റ് ട്രാക്ക് കോടതികളിൽ 28 കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 28 കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | **സമിതി ആരാഞ്ഞ അധികവിവരം**<br>റിപ്പോർട്ടിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി, <u>വനിതാ പോലീസ്റ്റേഷനുകളിൽ നിന്നുൾപ്പെടെ സ്ത്രീകൾക്ക് വളരെ മോശമായ പെരുമാറ്റമാണ് നേരിടേണ്ടി വരുന്നതെന്നും സ്ത്രീകൾക്ക് നീതി ലഭിക്കണമെന്നുള്ള ഗവൺമെന്റ് തീരുമാനം പലപ്പോഴും കടലാസ്സിൽ ഒതുങ്ങിപ്പോവുന്നുവെന്നും വിലയി രുത്തുകയുണ്ടായി. ആയതിനാൽ ജില്ലാ അടിസ്ഥാനത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള വനിതാ പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദത്തിന് എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നതെന്നും, പോലീസ് സ്റ്റേഷനുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്നും എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി.</u> | (30-3-2022-ന് അധികവിവരം ആരാഞ്ഞു.) |

| 1 | 2 | 3 |
|---|---|---|
| | ക്യാമറ സ്ഥാപിച്ചിട്ടുണ്ടോയെന്നും ഏത് വർഷം വരെയുള്ള പോക്സോ, സ്ത്രീപീഡന കേസുകളിൽ വിചാരണ ആരംഭിച്ചിട്ടുണ്ടെന്നും, ഏതൊക്കെ സ്ഥലങ്ങളിൽ അതിവേഗ കോടതികൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തൊക്കെ യാണെന്നും വനിതകളോടും കുട്ടിക ളോടും മോശമായി പെരുമാറുന്നതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ യെന്നും ഉണ്ടെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സമിതി ശിപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തത വരുത്തണമെന്നും ആഭ്യന്തര വകുപ്പിനോട് ആവശ്യ പ്പെടുന്നതിനും സമിതി നിർദ്ദേശിച്ചു. | |

മേൽ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**യു. പ്രതിഭ,**

*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 15.

| Sl. No | Name of Family Courts | Place of accommodation | Availability of land for construction of separate building for Family Court |
|---|---|---|---|
| 1 | Family Court, Thiruvananthapuram | Court Complex | Land available |
| 2 | Family Court, Nedumangad | Court Complex | Land not available. |
| 3 | Family Court, Attingal | Court Complex | Land not available |
| 4 | Family Court, Kollam | Rented building | Land not available |
| 5 | Family Court, Kottarakkara | Court Complex | Land not available. |
| 6 | Family Court, Chavara | Rented building | No proposal |
| 7 | Family Court, Pathanamthitta | Rented building | Land available |
| 8 | Family Court, Thiruvalla | Rent Free Building Owned by Municipality | Land available |
| 9 | Family Court, Alappuzha | Seperate Building | No proposal |
| 10 | Family Court, Mavelikkara | Rented building | No proposal |
| 11 | Family Court, Kottayam | Seperate Building | No proposal |
| 12 | Family Court, Pala | Court Complex | No Proposal |
| 13 | Family Court, Thodupuzha | Government Building | Land available |
| 14 | Family Court, Kattappana | Rented building | Land not available |
| 15 | Family Court, Ernakulam | Court Complex | No Proposal |
| 16 | Family Court, Muvattupuzha | Court Complex | No Proposal |
| 17 | Family Court, Thrissur | Government Building | Land not available |
| 18 | Family Court, Irinjalakuda | Court Complex | Land available |
| 19 | Family Court, Palakkad | Rented building | Land not available |
| 20 | Family Court, Ottappalam | Rented building | Land not available |
| 21 | Family Court, Malappuram | Government Building | Land available |
| 22 | Family Court, Tirur | Court Complex | Land notavailable |
| 23 | Family Court, Kozhikode | Court Complex | No Proposal |
| 24 | Family Court, Vadakkara | Court Complex | Land available |
| 25 | Family Court, Kalpetta. | PWD Building | Land not available |
| 26 | Family Court, Kannur | Court Complex | Land not available |
| 27 | Family Court, Thalassery | Court Complex | Land not available |
| 28 | Family Court, Kasaragod | Rented building Municipality | Land available |

അനുബന്ധം. II



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നവകേരളത്തിന് ജനകീയാസൂത്രണം-പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ-പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

സ.ഉ(കൈ)നം22/2018/തസ്വഭവ — തിരുവനന്തപുരം, തീയതി: 14.02.2018

വായന :
1. 29.01.2018-ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 02.02.2018-ലെ സ.ഉ.(കൈ)നം.17/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ (2018-19 മുതൽ 2021-22 വരെ)തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ വായന ഒന്നും രണ്ടും ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായി, സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകൾക്കും പകരമാണ് ഈ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

1 എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും
2 സെക്രട്ടറി, ആസൂത്രണ - സാമ്പത്തിക വകുപ്പ്
3 എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർ)
4 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5 പഞ്ചായത്ത് ഡയറക്ടർ
6 ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
7 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
8 പൊതു വിദ്യാഭ്യാസ ഡയറക്ടർ
9 പട്ടികജാതി വികസന ഡയറക്ടർ
10 പട്ടികവർഗ വികസന ഡയറക്ടർ
11 ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
12 ഹെൽത്ത് സർവ്വീസ് ഡയറക്ടർ
13 ഡയറക്ടർ ആയുഷ് വകുപ്പ്
14 പബ്ലിക് റിലേഷൻസ് ഡയറകടർ (അടിയന്തിര പത്രക്കുറിപ്പിന്)
15 മറ്റ് എല്ലാ വകുപ്പ് മേധാവികൾക്കും
16 മുഖ്യ നഗരാസൂത്രകൻ
17 ഡയറക്ടർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
18 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
19 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
20 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)

8.1.5 സാമൂഹ്യ സംഘടനകളുടെ പ്രവർത്തനം മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് തദ്ദേശഭരണ സ്ഥാപനതലത്തിലും ബ്ലോക്ക് ജില്ലാ തലത്തിലും അംഗീകാരവും പാരിതോഷികവും ജില്ലാ ആസൂത്രണസമിതി തലത്തിൽ ഏർപ്പെടുത്തണം.

**8.2 ഇന്നവേറ്റേഴ്സ് മീറ്റ് (Innovators Meet)**

ഉല്പാദന-സേവന-തൊഴിൽ-വിപണന മേഖലകളുമായി ബന്ധപ്പെട്ട നവീന ആശയങ്ങൾ, കാർഷിക രീതികൾ, ശൃംഖലാ പ്രവർത്തനങ്ങൾ, മാനേജ് മെന്റ് സംവിധാനം-പ്രചാരണം-പ്രോത്സാഹനം.

1. അറിവുകൾ, അനുഭവങ്ങൾ എന്നിവ കൈമാറുന്നതിനും, പങ്ക്വയ്ക്കുന്നതിനും വേണ്ടി ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളേയും കൈമാറികിട്ടിയ ഓഫീസുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഇന്നവേറ്റേഴ്സിന്റെ സംഗമം ജില്ലാതലത്തിൽ സംഘടിപ്പിക്കുക.
2. സംഘാടന ചെലവിനു വേണ്ടി ജില്ലാപഞ്ചായത്തിന് 2.5 ലക്ഷം രൂപ വരുന്ന പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.
3. ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും മീറ്റിൽ പങ്കെടുക്കണം. മറ്റ് ജില്ലകളിലെ നൂതനമായ പ്രവർത്തനാനുഭവങ്ങൾ പങ്ക് വക്കേണ്ടതാണെന്ന് ജില്ലാതല സംഘാടകസമിതിക്ക് തോന്നുന്നവരെകൂടി ഇതിലേക്ക് ക്ഷണിക്കാവുന്നതാണ്.
4. ഓരോ സ്ഥാപനത്തിനും നൂതനമായ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും 25,000/- രൂപയിൽ അധികരിക്കാതെ ചെലവഴിക്കാവുന്നതാണ്.
5. ജില്ലാ പഞ്ചായത്ത് സംഘാടനത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്ന/പ്രദർശിപ്പിക്കുന്ന എല്ലാ വിഷയങ്ങളും ഡോക്യുമെന്റ് ചെയ്ത് പ്രിന്റ്/ഡിജിറ്റൽ മാധ്യമത്തിൽ സൂക്ഷിക്കേണ്ടതാണ്.
6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജില്ലാതല സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കി സംഘാടകസമിതി രൂപീകരിച്ച് നടപ്പാക്കണം.
7. അവതരിപ്പിക്കുന്ന/പ്രദർശിപ്പിക്കുന്നവയുടെ മികവിന്റെ അടിസ്ഥാനത്തിൽ മാർക്കിട്ട് എല്ലാ സ്ഥാപനങ്ങളുടെയും റാങ്ക് നിശ്ചയിച്ച് പ്രിന്റ് ചെയ്യുന്ന രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**8.3 പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം (Eco-Tourism)**

തദ്ദേശഭരണസ്ഥാപനതലത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനു ശ്രമിക്കേണ്ടതാണ്. അതിനുള്ള സാദ്ധ്യതാപഠനങ്ങൾക്കായും മറ്റും നൂതന പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങുന്നതിനുള്ള ശ്രമങ്ങൾ അനുവദനീയമാണ്

**8.4 ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ, കമാനങ്ങൾ നിർമ്മാണം മുതലായവയ്ക്ക് നിയന്ത്രണം**

- ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠന യാത്രകൾ, സമ്മേളനങ്ങൾ, കമാനങ്ങൾ നിർമ്മാണം തുടങ്ങിയവകൾ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ -
  - വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാമ്പുകൾക്കും
  - സർക്കാർ പ്രത്യേകമായി അനുവദിച്ചിട്ടുള്ളവയ്ക്കും.
  - തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ വരുന്നവയ്ക്കും. ഈ വ്യവസ്ഥ തടസ്സമല്ല.
- ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ അനുവദനീമാണ്.
- അവയവദാനം സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

**8.5 പരിശീലന പരിപാടികൾ:-**

പരിശീലന പരിപാടികൾ രണ്ട് ലക്ഷം/മൂന്നു ലക്ഷം വരുമാനപരിധിക്കു വിധേയമായി, യഥാക്രമം പൊതുവിഭാഗം, പട്ടികജാതി, (പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധമകമല്ല) എന്നിവർക്ക് മാത്രമായി പരമിതപ്പെടുത്തേണ്ടതാണ്. വികസന പ്രോജക്ടിന്റെ ഭാഗമായി പരിശീലനമാകാം. പരിശീലനത്തിന് മാത്രമായി പ്രോജക്ട് പാടില്ല.

- സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും പരിശീലന പരിപാടികൾ ഏറ്റെടുക്കാം. എന്നാൽ പരിശീലനാർത്ഥികൾക്ക് യാത്രാപ്പടിയും സ്റ്റൈപ്പന്റും അനുവദ നീയമല്ല.
- കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ല.